കേരള സർക്കാർ

# വാർഷിക ഭരണറിപ്പോർട്ട്

## 2024–2025

മഹാത്മാഗാന്ധി ദേശീയ
ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം**



2023– 24 ലെ വാർഷിക ഭരണറിപ്പോർട്ട് ഇംഗ്ലീഷ് പതിപ്പ് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷിന് നൽകി പ്രകാശിപ്പിക്കുന്നു. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേണിംഗ് ബോഡി അംഗം ശ്രീ. എസ്. രാജേന്ദ്രൻ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഡോ. എൻ. രമാകാന്തൻ എന്നിവർ സമീപം

കേരള സർക്കാർ

# വാർഷിക ഭരണറിപ്പോർട്ട്

2024–2025

മഹാത്മാഗാന്ധി ദേശീയ
ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം**

# അവതാരിക

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2024-25 വർഷത്തെ ഭരണ റിപ്പോർട്ട് ഏറെ അഭിമാനത്തോടെയാണ് തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിൽ നടപ്പാക്കി വരുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഇതിനകം തന്നെ ദേശീയ ശ്രദ്ധ കൈവരിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എ. നിയമം അനുശാസിക്കുന്ന വ്യവസ്ഥകളുടെ അന്തഃസത്ത പൂർണ്ണമായും പാലിച്ചുകൊണ്ട് ഓരോ ആറ് മാസത്തിലൊരിക്കൽ പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ പ്രവൃത്തികളും ജനങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമസഭകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്ന സംസ്ഥാനം എന്ന അപൂർവ്വ ബഹുമതി കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളായ ഫയൽ പരിശോധന, ഫീൽഡ് പരിശോധന, ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ കേൾക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ സംഘാടനം, സോഷ്യൽ ഓഡിറ്റിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കൽ, വസ്തുനിഷ്ഠമായ പദ്ധതി വിലയിരുത്തൽ, ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കൽ എന്നിവയിലെല്ലാം ഉയർന്ന കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ കൈവരിച്ച അഭിമാനകരമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് പദ്ധതികളിലേക്ക് സോഷ്യൽ ഓഡിറ്റ് വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ 2024-25 വർഷത്തിൽ തീരുമാനമെടുക്കുകയുണ്ടായി. ഇതനുസരിച്ച് രണ്ട് സുപ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ), ദേശീയ സാമൂഹ്യ സഹായ പെൻഷൻ പദ്ധതി(എൻ.എസ്.എ.പി) എന്നിവയുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനുള്ള നടപടികൾ 2024-25 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്വീകരിക്കുകയുണ്ടായി. ഈ രണ്ട് പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ചിട്ടയായി നടപ്പാക്കുന്നതിനും ഉയർന്ന നിലവാരത്തിലുള്ള വൈദഗ്ധ്യം വളർത്തിയെടുക്കുന്നതിനും സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെകാര്യപ്രാപ്തി വികസനത്തിന് മുഖ്യ പരിഗണനയാണ് 2024-25 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നൽകിയത്. ദേശീയതലത്തിൽ, കേരളത്തിന്റെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനാനുഭവങ്ങൾ അവതരിപ്പിക്കുന്നതിനും പങ്കുവയ്ക്കുന്നതിനുമായുള്ള വേദികൾപ്രയോജനപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി കേരളത്തിന്റെ അനുഭവപാഠങ്ങൾ രാജ്യത്തിനാകമാനം പ്രയോജനപ്പെടുത്തുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും മറ്റ് സംസ്ഥാനങ്ങളിലെ സോഷ്യൽ ഓഡിറ്റ് യൂണിറ്റുകളും നടപടികൾ സ്വീകരിച്ചുവരുന്നു എന്നത് ഏറെ സന്തോഷകരമാണ്.

നവകേരള നിർമ്മിതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഭരണ സുതാര്യതയ്ക്കും ഏറെ പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാന ഗവൺമെന്റും തദ്ദേശസ്വയം ഭരണ വകുപ്പും നൽകി വരുന്ന പിന്തുണയും സഹായങ്ങളുമാണ് അഭിമാനകരമായ ഇത്തരം നേട്ടങ്ങൾ കൈവരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് കരുത്ത് പകർന്നത്. അതോടൊപ്പംതന്നെ ഇത്തരമൊരു നേട്ടത്തിന് ഇടയാക്കുന്ന തിന് കഴിഞ്ഞത് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് നയപരമായ നേതൃത്വവും ദിശാബോധവും നൽകിയ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി അംഗങ്ങ ളുടെയും ജനറൽ ബോഡി അംഗങ്ങളുടെയും  സംഭാവനകളാണ്. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തന വിപുലീകരണത്തിനും സമർത്ഥമായ ഭരണ നിർവ്വഹണത്തിനും കരുത്തുപകരുകയും നിരന്തരമായ സഹായങ്ങൾ നൽകി വരികയും ചെയ്യുന്ന സൊസൈറ്റിയുടെ ചെയർമാൻ ശ്രീ. കെ. ബിജു ഐ.എ.എസ്സി (സെക്രട്ടറി,പൊതുമരാമത്ത്, ടൂറിസം-പൊതുഭരണം)-ന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ നന്ദിയും  കടപ്പാടും രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

**ഡോ.എൻ.രമാകാന്തൻ**
ഡയറക്ടർ & കൺവീനർ
സോഷ്യൽ ഓഡിറ്റ്  സൊസൈറ്റി കേരള

തിരുവനന്തപുരം
20.06.2025

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള
# ജനറൽ ബോഡി

**ചെയർമാൻ ശ്രീ. കെ. ബിജു ഐ.എ.എസ്**
ഗവ. സെക്രട്ടറി, പൊതുമരാമത്ത്, ടൂറിസം, പൊതുഭരണ വകുപ്പുകൾ

**അംഗങ്ങൾ**

1. **സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്**
2 **സെക്രട്ടറി, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ്**
3. **സെക്രട്ടറി, ധനകാര്യ വകുപ്പ്**
4. **സെക്രട്ടറി, കൃഷി വകുപ്പ്**
5 **സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്**
6. **കമ്മീഷണർ, ഗ്രാമവികസന വകുപ്പ്**
7. **ഡയറക്ടർ, പഞ്ചായത്ത്**
8. **സെക്രട്ടറി, തൊഴിൽ വകുപ്പ്**
9. **എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
10. **സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ**
11. **ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്**
12. **മെമ്പർ, ഡിസെൻട്രലൈസ്ഡ് പ്ലാനിംഗ്, സംസ്ഥാന ആസൂത്രണ ബോർഡ്**
13. **ശ്രീമതി. കെ. ജി രാജേശ്വരി** (പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, ആലപ്പുഴ)
14. **ശ്രീ. ബി. പി മുരളി,** (പ്രസിഡന്റ്, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്)
15. **ശ്രീമതി. കെ .എം .ഉഷ** (പ്രസിഡന്റ്, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്)
16. **ശ്രീമതി. ഗിരിജ സുരേന്ദ്രൻ**
(റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി /സോഷ്യൽ ഓർഗനൈസേഷൻ)
17. **ശ്രീ കെ. ചന്ദ്രൻ** (റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി /
സോഷ്യൽ ഓർഗനൈസേഷൻ)
18. **ശ്രീ എ.എസ്.ദിനകരൻ** (റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി /
സോഷ്യൽ ഓർഗനൈസേഷൻ)
19. **ശ്രീമതി.സി. രാധാമണി**
(റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി /സോഷ്യൽ ഓർഗനൈസേഷൻ)
20. **ശ്രീ എ. എൻ. പ്രഭാകരൻ** (എക്സ്റ്റൻഷൻ ഫാക്കൽറ്റി മെമ്പർ,
KILA തൃശ്ശൂർ & മെമ്പർ ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി,വയനാട്)
21. **ശ്രീ .കെ. അനിമോൻ** (റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി /
സോഷ്യൽ ഓർഗനൈസേഷൻ)
22. **ശ്രീ.എസ് രാജേന്ദ്രൻ**
(റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി /സോഷ്യൽ ഓർഗനൈസേഷൻ)
23. **അക്കൗണ്ടന്റ് ജനറൽ, കേരള**
24. **ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
25. **റെപ്രസെന്റേറ്റീവ് MoRD, ഗവണ്മെന്റ് ഓഫ് ഇന്ത്യ**
26. **ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി**

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള
# ഗവേർണിംഗ് ബോഡി

1. **ശ്രീ. കെ. ബിജു ഐ.എ.എസ് – ചെയർമാൻ**
(ഗവ. സെക്രട്ടറി, പൊതുമരാമത്ത്, ടൂറിസം, പൊതുഭരണ വകുപ്പുകൾ)

2 **ശ്രീ എസ്. രാജേന്ദ്രൻ**
(റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി / സോഷ്യൽ ഓർഗനൈസേഷൻ)

3 **പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ**

4 **സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്**

5 **ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി**

6 **എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

7 **ഡയറക്ടർ, കേരള ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

8 **ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്**

9 **ശ്രീമതി. ഗിരിജ സുരേന്ദ്രൻ**
(റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി/ സോഷ്യൽ ഓർഗനൈസേഷൻ)

10 **ശ്രീ എ എൻ പ്രഭാകരൻ**

(എക്സ്റ്റൻഷൻ ഫാക്കൽറ്റി മെമ്പർ,
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശ്ശൂർ &
മെമ്പർ ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി,വയനാട്)

11 **ശ്രീ.കെ. അനിമോൻ**
(റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി / സോഷ്യൽ ഓർഗനൈസേഷൻ)

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# എക്സിക്യൂട്ടീവ് കമ്മിറ്റി

1. **ശ്രീ. കെ. ബിജു ഐ.എ.എസ് – ചെയർമാൻ**
   (ഗവ. സെക്രട്ടറി, പൊതുമരാമത്ത്,
   ടൂറിസം, പൊതുഭരണ വകുപ്പുകൾ)

2. **ശ്രീ എസ്. രാജേന്ദ്രൻ**

   (റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി/
   സോഷ്യൽ ഓർഗനൈസേഷൻ)

3. **ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി**

4. **ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടമെന്റ്**

5. **സെക്രട്ടറി, ഗവണ്മെന്റ് ധന വകുപ്പ്**
   **അല്ലെങ്കിൽ പ്രതിനിധി**

6. **ശ്രീമതി. ഗിരിജ സുരേന്ദ്രൻ**
   (റെപ്രസെന്റേറ്റീവ് ഓഫ് വോളന്ററി/
   സോഷ്യൽ ഓർഗനൈസേഷൻ)

7. **ശ്രീ. എ.എൻ പ്രഭാകരൻ**
   (എക്സ്റ്റൻഷൻ ഫാക്കൽറ്റി മെമ്പർ,
   കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
   ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA), തൃശ്ശൂർ &
   മെമ്പർ ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി, വയനാട് )

# സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം
# വാർഷിക ഭരണ റിപ്പോർട്ട്
# 2024-25

## ആമുഖം

സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ 2024-25 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ വിശദമാക്കുന്നതാണ് "സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള വാർഷിക ഭരണ റിപ്പോർട്ട് 2025." സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 25-ാമത് ഗവേണിംഗ് ബോഡി യോഗം 10-07-2025 ന് ചേർന്ന് അംഗീകരിച്ച പ്രവർത്തന റിപ്പോർട്ടും 2025-26 പ്രവർത്തന വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റും 2024-25 വർഷത്തെ ധനവിനിയോഗ സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും അടിസ്ഥാനപ്പെടുത്തിയാണ് വാർഷിക ഭരണ റിപ്പോർട്ട് 2024-25 സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ജനറൽ ബോഡി യോഗത്തിൽ സമർപ്പിക്കുന്നത്. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ സംക്ഷിപ്തമാണ് വാർഷിക ഭരണ റിപ്പോർട്ട് 2025 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ നിന്നും മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് 2024-25 വർഷം കഴിയുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് അതിന്റെ വളർച്ചയുടെ നിർണ്ണായകമായ പുതിയൊരു ചുവട് വയ്പ്പ് നടത്തിയ വർഷമായിരുന്നു 2024-25. അതോടൊപ്പം, സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉയർത്തുന്നതിനും ചിട്ടയായ പ്രവർത്തനത്തിലൂടെ മെച്ചപ്പെട്ട പ്രവർത്തനക്ഷമത കൈവരിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ബൈലാ ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലുടനീളം അർത്ഥപൂർണ്ണമായ മാറ്റങ്ങൾ നടപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 2024-25 പ്രവർത്തനങ്ങളിലൂടെ പരിശ്രമിച്ചിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഉയർത്തിപ്പിടിക്കുന്ന, സുതാര്യതയും ജനകീയതയും സാമൂഹ്യ ഉത്തരവാദിത്വവും വികസന പദ്ധതികളുടെ നിർവ്വഹണത്തിൽ കൈവരിക്കുക എന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് കഴിയുംവിധമുള്ള പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 2024-25 വർഷം നടപ്പാക്കിയത്. ഇത്തരം ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് പദ്ധതി നിർവ്വഹണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന സർക്കാരിന്റെയും പൂർണ്ണമായ പിന്തുണയും സഹായവും ലഭിച്ചിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കഴിയും വിധം സോഷ്യൽ ഓഡിറ്റ്

റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനക്ഷമത ഉയർത്തുന്നതിന് ആവശ്യമായ കാര്യപ്രാപ്തി വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും 2024-25 വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. ഓരോ ആറ് മാസത്തിലൊരിക്കൽ മുഴുവൻ പഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കി, സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനം എന്ന അപൂർവ്വ ബഹുമതിയിലേക്ക് കഴിഞ്ഞ മൂന്ന് വർഷക്കാലം തുടർച്ചയായി കേരളത്തെ എത്തിക്കുന്നതിനും 2024-25 വർഷത്തെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യവും സോഷ്യൽ ഓഡിറ്റ് യൂണിറ്റിനുണ്ട്.

## 2. 2024-25 വർഷത്തെ സുപ്രധാന പ്രവർത്തനങ്ങൾ

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് 100 ശതമാനം പൂർത്തിയാക്കി.
2. സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് നടപ്പാക്കുന്ന സ്കീമുകളുടെ നാല് ജില്ലകളുടെ പൈലറ്റ് സോഷ്യൽ ഓഡിറ്റ് നടത്തി. ജില്ലാ-സംസ്ഥാന സോഷ്യൽ ജസ്റ്റീസ് അസംബ്ലികൾ സംഘടിപ്പിച്ചു.
3. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടും തുടർനടപടികളും സ്വീകരിച്ചു.
4. പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ സോഷ്യൽ ഓഡിറ്റ് - 2021-22, 2022-23 പൂർത്തിയാക്കി.
5. ദേശീയ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നിർവ്വഹണത്തിന് തുടക്കം കുറിച്ചു.
6. സോഷ്യൽ ഓഡിറ്റ് മാതൃകാപരമായ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി റിപ്പോർട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചു.
7. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ വർക്ക് സ്റ്റഡി നടത്തി പ്രവർത്തന മേൽനോട്ടം കാര്യക്ഷമമാക്കി.
8. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പും നിമയനവും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു.
9. പുതുതായി നിയമനം നൽകിയ ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ഇൻഡക്ഷൻ പരിശീലനം സംഘടിപ്പിച്ചു.
10. സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് തുടർപരിശീലനം സംഘടിപ്പിച്ചു.
11. ദേശീയ ഗ്രാമവികസന-പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂട്ടുമായുള്ള പരസ്പര സഹകരണം ശക്തിപ്പെടുത്തി.
12. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവുമായുള്ള ബന്ധം ശക്തിപ്പെടുത്തി ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു.
13. സോഷ്യൽ ഓഡിറ്റ് പ്രവർത്തന വിപുലീകരണത്തിനും വിവിധ വകുപ്പുകളുടെ സഹകരണം ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ചു.
14. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പഞ്ചയത്തുകളുടെ സഹകരണവും പിന്തുണയും വർദ്ധിപ്പിച്ചു.

## 3. സോഷ്യൽ ഓഡിറ്റ് ഭരണസംവിധാനം

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളയുടെ ഭരണനിർവ്വഹണം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഗവേണിംഗ് ബോഡി യോഗവും ജനറൽ ബോഡിയോഗവും എക്സിക്യൂട്ടീവ് കമ്മിറ്റിയോഗവുമാണ്.

### 3.1 ഗവേണിംഗ് ബോഡി യോഗം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ സുപ്രധാനമായ ഭരണനിർവ്വഹണ ചുമതല ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. 2024-25 വർഷത്തിൽ ഗവേണിംഗ് ബോഡിയുടെ നാല് യോഗങ്ങൾ ചേരുകയുണ്ടായി. ഗവേണിംഗ് ബോഡി ചെയർമാൻ ശ്രീ പ്രണബ് ജ്യോതിനാഥ് ഐ.എ.എസ് (സെക്രട്ടറി, ഗവൺമെന്റ് ഓഫ് കേരള) ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ നൽകുന്നു.

1. 21-ാമത് ഗവേണിംഗ് ബോഡി യോഗം - 03. 07. 24
2. 22-ാമത് ഗവേണിംഗ് ബോഡി യോഗം - 22. 08. 24
   ഗവേണിംഗ് ബോഡി ചെയർമാൻ ശ്രീ കെ.ബിജു ഐ.എ.എസ് (ഗവൺമെന്റ് സെക്രട്ടറി, പൊതുമരാമത്ത് & ടൂറിസം)ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഗവേണിംഗ് ബോഡിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ നൽകുന്നു.
3. 23-ാമത് ഗവേണിംഗ് ബോഡി യോഗം - 13.01.25
4. 24-ാമത് ഗവേണിംഗ് ബോഡി യോഗം - 14.03.25









### 3.1.1. 2024-25 വർഷം ചേർന്ന ഗവേണിംഗ് ബോഡി യോഗം കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ

A. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം

B. 2023-24 വർഷത്തെ വരവ്-ചെലവ് കണക്കകൾക്കും ഓഡിറ്റ് റിപ്പോർട്ടിനും അംഗീകാരം.

C. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയുംമറ്റ്പദ്ധതികളുടെയുംസോഷ്യൽഓഡിറ്റ്പ്രവർത്തന പുരോഗതിയുടെ അവലോകനവും അംഗീകാരവും.

D. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ധനവിനിയോഗത്തിന് അംഗീകാരം.

E. സോഷ്യൽ ഓഡിറ്റിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ഇഷ്യൂസിന് അംഗീകാരം.

F. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ പഞ്ചായത്തുകൾ കൈക്കൊണ്ട തുടർ നടപടികളുടെയും ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെയും പുരോഗതി വിലയിരുത്തൽ.

G. സോഷ്യൽ ഓഡിറ്റ് നിർവ്വഹണത്തിനായി ഓരോ ഓഡിറ്റ് സൈക്കിളിനും തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് കലണ്ടറിന് അംഗീകാരം.

H. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംഘടിപ്പിച്ച വിവിധ പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയ്ക്ക് അംഗീകാരം.

I. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ വിവിധ നിയമനങ്ങൾക്കും ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനങ്ങൾക്കും അംഗീകാരം.

J. വില്ലേജ് റിസോഴ്സ് പേഴ്സൺമാർ വിവിധ ഭൂപ്രദേശങ്ങളിലെ പഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്ന മനുഷ്യ ദിനങ്ങളെ സംബന്ധിച്ച വർക്ക് സ്റ്റഡിക്ക് അംഗീകാരം.

K. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പേര് പുനർനിർണ്ണയം ചെയ്യുന്നതിനും ബൈലാ ഭേദഗതി ചെയ്യുന്നതിനും അംഗീകാരം.

L. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി തെരഞ്ഞെടുത്ത ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന് അംഗീകാരം.

M. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ജീവനക്കാരുടെയും റിസോഴ്സ് പേഴ്സൺമാരുടെയും ശമ്പളവും വേതനവും പുതുക്കി നിശ്ചയിക്കുന്നതിന് അംഗീകാരം.

N. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ജീവനക്കാർക്കും ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആരംഭിക്കുന്നതിന് അംഗീകാരം.

O. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ വനിതാ ജീവനക്കാർക്കും ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും ശമ്പളത്തോടുകൂടി 6 മാസത്തെ പ്രസവാവധി അനുവദിക്കുന്നതിനുള്ള അംഗീകാരം.

P. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇഷ്യൂസ് ക്ലോസ് ചെയ്യുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് സംസ്ഥാന ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ആക്ഷൻ ടേക്കൺ റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അംഗീകാരം.

Q. സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ജീവനക്കാരുടെയും സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് കരാർ പുതുക്കുന്നതിനുള്ള അംഗീകാരം.

R. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറുടെ നിയമന കാലാവധി ദീർഘിപ്പിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനുള്ള തീരുമാനം.

S. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ഒഴിവുള്ള ബ്ലോക്ക്, വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നികത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിനും നിയമനത്തിനും അംഗീകാരം.

T. സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിലുള്ള ഒഴിവുകളായ സോഷ്യൽ ഡവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ്പേഴ്സൺ എന്നീ തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അംഗീകാരം.

U. പി.എം.എ.വൈ (ജി), എൻ.എസ്.എ.പി എന്നീ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് രണ്ട് കൺസൾട്ടന്റ്മാരുടെയും രണ്ട് എം.ഐ.എസ് അസിസ്റ്റന്റുമാരുടെയും നിയമനത്തിന് അംഗീകാരം.

V. അഞ്ച് വർഷം സേവനം പൂർത്തിയാക്കിയ ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനായുള്ള "പെർഫോമൻസ് അസസ്മെന്റ്" നടപടികൾക്ക് അംഗീകാരം.

W. പുതുതായി ആരംഭിക്കുന്ന പി.എം.എ.വൈ (ജി), എൻ.എസ്.എ.പി സ്കീമുകളുടെ സോഷ്യൽ ഓഡിറ്റിന് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് പ്രത്യേകമായി കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനുമുള്ള ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അംഗീകാരം.

X. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ), ദേശീയ സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് അംഗീകാരം.

Y. സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിനുള്ള സാദ്ധ്യത ആരായുന്നതിന് അംഗീകാരം.

### 3.2. ജനറൽ ബോഡി യോഗം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുമായി ബന്ധപ്പെട്ട ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ സുപ്രധാനമായ പങ്കാണ് ജനറൽ ബോഡി യോഗത്തിന് നിർവ്വഹിക്കാനുള്ളത്. സംസ്ഥാന സർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷൻ ഭാരവാഹികളും അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെട്ടതാണ് ജനറൽ ബോഡി. 2024-25 വർഷത്തിൽ ഒരു ജനറൽ ബോഡി യോഗം ചേരുകയുണ്ടായി. 2024 സെപ്റ്റംബർ 25-ാം തീയതി ജനറൽ ബോഡി യോഗം ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസി ന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേർന്നു. യോഗം താഴെ പ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.




1. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2023-24 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് അംഗീകരിച്ചു.
2. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും അംഗീകരിച്ചു.
3. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2024-25 വർഷത്തെ പ്രവർത്തന രൂപരേഖയും വാർഷിക ബഡ്ജറ്റും അംഗീകരിച്ചു.
4. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

## 4. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം ദേശീയതലത്തിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നു

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള 2024-25 വർഷത്തിൽ ദേശീയതലത്തിലുള്ള വേദികൾ പ്രയോജനപ്പെടുത്തി കേരളത്തിലെ സോഷ്യൽ ഓഡിറ്റ് അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് നിരവധി പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

### 4.1. ദേശീയ ഗ്രാമവികസന-പഞ്ചായത്തിരാജ് ഇൻസ്റ്റിറ്റ്യൂട്ട് ഹൈദരാബാദ് സംഘടിപ്പിച്ച പരിപാടികൾ

A. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ "ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് ഫോർ സോഷ്യൽ ഓഡിറ്റ് 2016" നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എത്രമാത്രം പാലിക്കുന്നുണ്ട് എന്ന പഠന-ഗവേഷണ പരിപാടികൾക്ക് ആവശ്യമായ പിന്തുണയും സഹായവും ലഭ്യമാക്കി.

B. സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ മുപ്പത് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിന് സഹകരണം ലഭ്യമാക്കി.




C. സോഷ്യൽ ഓഡിറ്റ് യൂണിറ്റുകളുടെ ധനകാര്യ മാനേജ്മെന്റ് സംബന്ധിച്ച പഠന ഗവേഷണത്തിന് ആവശ്യമായ പിന്തുണയും സഹായവും ലഭ്യമാക്കി.

D. ഇന്ത്യയിലെ സോഷ്യൽ ഓഡിറ്റ് സംവിധാനത്തെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച സ്ഥിതി വിവര പഠനത്തിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കി.

E. എൻ.ഐ.ആർ.ഡി.പി.ആർ സംഘടിപ്പിച്ച 06.05.24 മുതൽ 10.05.24 വരെയുള്ള മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ഇൻ-ചാർജ് ശ്രീമതി നിലാഷ പങ്കെടുത്തു.




F. എൻ.ഐ.ആർ.ഡി.പി.ആർ 26.08.24 മുതൽ 30.08.24 വരെ മൈസൂർ എസ്.ഐ.ആർ.ഡി.പി.ആർ ന്റെ സഹകരണത്തോടെ സംഘടിപ്പിച്ച റീജിയണൽ ട്രെയിനിംഗ് ആന്റ് എക്സ്പോഷർ വിസിറ്റിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരായ ശ്രീ അമൽ സെബാസ്റ്റ്യൻ, ശ്രീ. മൻസൂർ എന്നിവർ പങ്കെടുത്തു.




G. എൻ.ഐ.ആർ.ഡി.പി.ആർ 21.10.24 മുതൽ 25.10.24 വരെ മേഘാലയയിൽ സംഘടിപ്പിച്ച അനുഭവ പഠന-പരിശീലന പരിപാടിയിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ.എൻ. രമാകാന്തൻ പങ്കെടുത്തു.





H. എൻ.ഐ.ആർ.ഡി.പി.ആർ 04.11.24 മുതൽ 09.11.24 വരെ ആന്ധ്രാപ്രദേശിലെ കാളഹസ്തിയിൽ സംഘടിപ്പിച്ച പഠന പരിശീലന പരിപാടിയിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരായ ശ്രീമതി അക്ഷര. വൈ, ശ്രീമതി വിന്ധ്യ.ഡി.സത്യൻ എന്നിവർ പങ്കെടുത്തു.




I. എൻ.ഐ.ആർ.ഡി.പി.ആർ പരിശീലനാവശ്യങ്ങൾ നിർണ്ണയിക്കുന്നതിനായി 30.01.25 ൽസംഘടിപ്പിച്ച ഓൺലൈൻ യോഗത്തിൽ ഡയക്ടർ പങ്കെടുത്തു.

## 4.2. ഓഡിറ്റിംഗ് സ്റ്റാന്റേർഡ്സ് ഫോർ സോഷ്യൽ ഓഡിറ്റ് പരിഷ്കരിക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം രൂപീകരിച്ച ജോയിന്റ് ടാസ്ക് ഫോഴ്സ് പ്രവർത്തനങ്ങൾ

ഓഡിറ്റ് സ്റ്റാന്റേർഡ്സ് ഫോർ സോഷ്യൽ ഓഡിറ്റ് പരിഷ്കരിക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം രൂപീകരിച്ച ജോയിന്റ് ടാസ്ക് ഫോഴ്സിൽ വർക്കിംഗ് ഗ്രൂപ്പ് അംഗമായി സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള ഡയറക്ടർ ഡോ.എൻ.രമാകാന്തനെ ഉൾപ്പെടുത്തി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പിലെ ഏക സോഷ്യൽ ഓഡിറ്റ് ഡയറക്ടർ എന്ന അംഗീകാരം നേടുന്നതിന്

ഇതിലൂടെ കേരളത്തിന് കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്. ജോയിന്റ് ടാസ്ക് ഫോഴ്സ് വർക്കിംഗ് ഗ്രൂപ്പ് അംഗമെന്ന നിലയിൽ താഴെപ്പറയുന്ന യോഗങ്ങളിൽ പങ്കെടുക്കുകയും സുപ്രധാനമായ നിരവധി നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ട്.

A. ഹൈദരാബാദ് എൻ.ഐ.ആർ.ഡി.പി.ആർ 06.06.24 ൽ ചേർന്ന ജോയിന്റ് ടാസ്ക് ഫോഴ്സ് അംഗങ്ങളുടെയും സോഷ്യൽ ഓഡിറ്റ് ഡയറക്ടർമാരുടെയും സംയുക്ത യോഗത്തിൽ ഡയറക്ടർ ഡോ.എൻ. രമാകാന്തൻ പങ്കെടുക്കുകയും അവതരണം നടത്തുകയും ചെയ്തു.






B. 19.11.2024 ൽ ഓൺലൈൻ ആയി ചേർന്ന ജോയിന്റ് ടാസ്ക് ഫോഴ്സ് യോഗത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ.എൻ.രമാകാന്തൻ പങ്കെടുക്കുകയും ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

C. ജോയിന്റ് ടാസ്ക് ഫോഴ്സ് അദ്ധ്യക്ഷന്റെ നിർദ്ദേശമനുസരിച്ച് സോഷ്യൽ ഓഡിറ്റ് കൂടുതൽ വ്യവസ്ഥാപിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായകമായ വിശദമായ നിർദ്ദേശങ്ങൾ രേഖാമൂലം തയ്യാറാക്കി നൽകുകയുണ്ടായി.

### 4.3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് നടത്തിയ പരിശ്രമങ്ങൾ

കേരളത്തിലെ സോഷ്യൽ ഓഡിറ്റ് അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും രാജ്യത്തെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും 2024-25 വർഷം ലഭ്യമായ എല്ലാ വേദികളും ഉപയോഗിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 07.03.2025 ൽ ന്യൂഡൽഹി കൃഷി മന്ത്രാലയത്തിൽ ചേർന്ന എംപവേർഡ് കമ്മിറ്റി യോഗത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ.എൻ.രമാകാന്തൻ പങ്കെടുക്കുകയുണ്ടായി. അതുപോലെ തന്നെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വാട്സ്ആപ് ഗ്രൂപ്പിൽ കേരളത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നിരന്തരമായി പോസ്റ്റ് ചെയ്യുകയും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

## 5. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം പൂർത്തിയാക്കി

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ പരിശ്രമങ്ങൾ 2024-25 വർഷം നടത്തുന്നതിന് കഴിഞ്ഞു. വിവിധ ജില്ലകളിൽ നിലവിലുണ്ടായിരുന്ന 25 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം പൂർത്തിയാക്കി പരിശീലനം നൽകി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞു. അതുപോലെ തന്നെ കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കൊല്ലം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ ഉണ്ടായിരുന്ന സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ 2024-25 വർഷം നികത്തുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ 5 ദിവസത്തെ പരിശീലനം നൽകി നിയമിക്കുന്നതിനും കഴിഞ്ഞു. വിവിധ ജില്ലകളിലായി 471 സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം നടത്തി പരിശീലിപ്പിച്ച് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് 2024-25 വർഷം കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിട്ടുണ്ട്.

| റിസോഴ്സ് പേഴ്സൺ | അനുവദിച്ച തസ്തികകൾ | നിലവിൽ സേവനം അനുഷ്ഠിക്കുന്നവർ |
|---|---|---|
| ജില്ലാ റിസോഴ്സ് പേഴ്സൺ | 14 | 14 |
| ബ്ലോക്ക് റിസോഴ്സ് പേഴ്സൺ | 152 | 148 |
| വില്ലേജ് റിസോഴ്സ് പേഴ്സൺ | 1412 | 1343 |
| ആകെ | 1578 | 1505 |

കേരളത്തിലെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ജില്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരിൽ 90 ശതമാനത്തിലധികം പേരും പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദമുള്ളവരാണ്. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരിൽ 86% പേർക്കും പോസ്റ്റ് ഗ്രാജ്വേറ്റ് യോഗ്യതയുണ്ട്. അതുപോലെ തന്നെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരിൽ 30% പേർക്ക് പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രിയും 56% പേർക്ക് ഗ്രാജ്വേറ്റ് ഡിഗ്രിയും 4% പേർക്ക് ഡിപ്ലോമ ഡിഗ്രിയും ഉണ്ട് 6% ശതമാനം വില്ലേജ് റിസോഴ്സ് പേഴ്സൺമാർ മാത്രമാണ് പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവരായി ഉള്ളത്. സോഷ്യൽ ഓഡിറ്റ് ജില്ല-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരായി സേവനം അനുഷ്ഠിക്കുന്ന 162 പേരും ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് ആന്റ് പഞ്ചായത്ത് രാജ് സംഘടിപ്പിച്ച 30 ദിവസത്തെ സോഷ്യൽ ഓഡിറ്റ് ആന്റ് അക്കൗണ്ടബിലിറ്റി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരാണ്.







## 6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതിയും നേട്ടങ്ങളും (2024-25)

2024-25 വർഷത്തിൽ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി തുടർച്ചയായി സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്ന സംസ്ഥാനമെന്ന നിലയിലേയ്ക്ക് കേരളത്തിന് ഉയരാൻ കഴിഞ്ഞു മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്നിയമവും ഇതുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് ചട്ടങ്ങളും അനുശാസിക്കുന്നതുപോലെ ഓരോ ആറ് മാസത്തിലൊരിക്കൽ പഞ്ചായത്തുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികൾ, ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റ് നടത്തുന്ന ഇന്ത്യയിലെ അപൂർവ്വം സംസ്ഥാനങ്ങളിലൊന്നായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. 2024-25 വർഷത്തിലും ഇത്തരമൊരു നേട്ടം നിലനിർത്തുന്നതിനും ദേശീയതലത്തിൽ അംഗീകാരം നേടുന്നതിനും കേരളത്തിനായി. വയനാട് ജില്ലയിലെ പാർലമെന്റ് ഉപതിരഞ്ഞെടുപ്പും തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ അസംബ്ലി ഉപതെരഞ്ഞെടുപ്പുകളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകളും സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും ചിട്ടയായ ആസൂത്രണത്തോടെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിലൂടെ ഇത്തരമൊരു നേട്ടം കൈവരിക്കാൻ കഴിഞ്ഞുവെന്നത് ഏറെ ശ്രദ്ധേയമാണ്.







## 6.1. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതി

2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെ പഞ്ചായത്തുകൾ നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളാണ് 2024 മെയ് മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ 2024-25 വർഷത്തിന്റെ ഒന്നാം പാദ സോഷ്യൽ ഓഡിറ്റ് കാലയളവിൽ സോഷ്യൽ ഓഡിറ്റ് നടത്തിയത്. 941 ഗ്രാമപഞ്ചായത്തുകളിലെയും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികൾ സോഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായി. 15862 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ജന പങ്കാളിത്തത്തോടെ വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്തു. തുടർന്ന് 2024 ഏപ്രിൽ മുതൽ 2024 സെപ്തംബർ വരെ രണ്ടാം പാദ സോഷ്യൽ ഓഡിറ്റും 941 പഞ്ചായത്തുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നടത്തി. 15737 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിച്ച് ജനകീയ വിലയിരുത്തലിന് വിധേയമാക്കുകയുണ്ടായി. അതോടൊപ്പം തന്നെ 2024-25 വർഷത്തിൽ രണ്ട് സോഷ്യൽ ഓഡിറ്റ് സൈക്കിളിലും 941 ഗ്രാമപഞ്ചായത്തുകളിലെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിൽ വിപുലമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ 941 പഞ്ചായത്തുകളുടെയും ഓരോ സൈക്കിളിലെയും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ അപ് ലോഡ് ചെയ്യുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിനു കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് വർഷത്തെ സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതി താഴെ കൊടുക്കുന്നു







## 6.2. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ ഇഷ്യൂസ്

സോഷ്യൽ ഓഡിറ്റ് ഭൗതിക പുരോഗതിയും സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ ഇഷ്യൂസും സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ നൽകിയിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലെ 941 പഞ്ചായത്തുകളിലായി സോഷ്യൽ ഓഡിറ്റിൽ രണ്ട് സൈക്കിളിലുമായി 48420 നിർവ്വഹണ പ്രശ്നങ്ങളാണ് കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി പട്ടികപ്പെടുത്തിയ 235 ഇനം നിർവ്വഹണ പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് നടത്തിയത്. നിർവ്വഹണ പ്രശ്നങ്ങളെ പ്രധാനമായും നാല് ഇനങ്ങളായാണ് വേർതിരിച്ചിട്ടുള്ളത്.

A. സാമ്പത്തിക ക്രമക്കേട് (Financial Misappropriation)
B. സാമ്പത്തിക വ്യതിയാനം (Financial Deviation)
C. നടപടി ക്രമങ്ങളുടെ ലംഘനം (Process Violation)
D. പരാതികൾ, ആവലാതികൾ (Grievances)

2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റിൽ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് 9187 ഇഷ്യൂസും സാമ്പത്തിക വ്യതിയാനവുമായി ബന്ധപ്പെട്ട് 4523 ഇഷ്യൂസും നടപടിക്രമങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ട് 31,867 ഇഷ്യൂസും പരാതികൾ, ആവലാതികൾ എന്നിവയുമായി ബന്ധപ്പെട്ട് 2843 ഇഷ്യൂസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട ഇഷ്യൂസിന്മേൽ ശക്തമായ തുടർ നടപടികൾ സ്വീകരിക്കുക എന്നതാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിലപാട്. ഇത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകളിന്മേൽ പണം തിരിച്ച് പിടിക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യം കേന്ദ്രഗ്രാമവികസന മന്ത്രാലയം നിരന്തരം മോണിറ്ററിംഗിന് വിധേയമാക്കുകയും ചെയ്തു വരുന്നു. സോഷ്യൽ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്ത 9187 സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട ഇഷ്യൂസിൽ 3,21,26,604 രൂപയാണ് ആകെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏറ്റവും കൂടുതൽ സാമ്പത്തിക ക്രമക്കേട് റിപ്പോർട്ട് ചെയ്തിട്ടുള്ളത് യഥാക്രമം ആലപ്പുഴ (1671), തിരുവനന്തപുരം ജില്ല (1931), കോട്ടയം ജില്ല (1167) എന്നിങ്ങനെയും. സാമ്പത്തിക വ്യതിയാനത്തിൽ കോട്ടയം ജില്ല (704), പാലക്കാട് ജില്ല (465), പത്തനംതിട്ട ജില്ല (432) യുമാണ്. പ്രക്രിയാ ലംഘനത്തിൽ പാലക്കാട് ജില്ല (5951), തിരുവനന്തപുരം ജില്ല (4320), വയനാട് ജില്ല (3995) കോഴിക്കോട് ജില്ല (3195) എന്നിങ്ങനെയുമാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ ഏറ്റവും അധികം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഇടുക്കി ജില്ലയും (444), രണ്ടാം സ്ഥാനത്ത് കൊല്ലം ജില്ലയും (376), മൂന്നാം സ്ഥാനത്ത് തൃശ്ശൂർ ജില്ലയുമാണ് (278) എന്നതും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റിൽ നാല് വ്യത്യസ്ത

## 2024-25 സാമ്പത്തിക വർഷം സോഷ്യൽ ഓഡിറ്റും റിപ്പോർട്ട് ചെയ്ത ഇഷ്യൂസ് സംബന്ധിച്ച വിവരങ്ങൾ

| | | | | Financial Misappropriation | | Financial Deviation | | Process Violation | | Grievances | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| SR No | District Name | Total Number of GPs | Total Number of GPs audited atleast once | Number of Issues Reported | Amount (Rs.) | Number of Issues Reported | Amount (Rs.) | Number of Issues Reported | Amount (Rs.) | Number of Issues Reported | Amount (Rs.) | Total Number of Issues Reported | Total Amount (Rs.) |
| 1 | Alappuzha | 72 | 72 | 1671 | 6554427 | 206 | 11241852 | 2099 | 275378 | 219 | 154693 | 4195 | 18226350 |
| 2 | Ernakulam | 82 | 82 | 336 | 1456644 | 244 | 1941568 | 1217 | 0 | 143 | 0 | 1940 | 3398211 |
| 3 | Idukki | 52 | 52 | 270 | 4794048 | 549 | 43176841 | 766 | 481032 | 444 | 148873 | 2029 | 48600793 |
| 4 | Kannur | 71 | 71 | 212 | 510934 | 189 | 2661217 | 2140 | 130972 | 94 | 7644 | 2635 | 3310766 |
| 5 | Kasargod | 38 | 38 | 229 | 1277803 | 376 | 3456262 | 842 | 2800 | 106 | 333 | 1553 | 4737197 |
| 6 | Kollam | 68 | 68 | 676 | 1165832 | 609 | 3448568 | 1116 | 235046 | 376 | 107817 | 2777 | 4957263 |
| 7 | Kottayam | 71 | 71 | 1167 | 4293668 | 704 | 3925232 | 2388 | 70431 | 179 | 40857 | 4438 | 8330188 |
| 8 | Kozhikode | 70 | 70 | 575 | 706968 | 19 | 100993 | 3595 | 3276 | 147 | 331 | 4336 | 811568 |
| 9 | Malappuram | 94 | 94 | 319 | 1154469 | 44 | 956399 | 1007 | 971250 | 157 | 15784 | 1527 | 3097902 |
| 10 | Palakkad | 88 | 88 | 935 | 1783144 | 465 | 1786276 | 5951 | 1062 | 203 | 141653 | 7554 | 3712135 |
| 11 | Pathanamthitta | 53 | 53 | 299 | 2101377 | 432 | 13475938 | 670 | 98998 | 117 | 0 | 1518 | 15676312 |
| 12 | Thiruvananthapuram | 73 | 73 | 1931 | 4523398 | 308 | 2024764 | 4320 | 626172 | 213 | 75346 | 6772 | 7249678 |
| 13 | Thrissur | 86 | 86 | 429 | 1020300 | 98 | 1611613 | 1761 | 5431 | 278 | 181069 | 2566 | 2818412 |
| 14 | Wayanad | 23 | 23 | 138 | 783592 | 280 | 8317827 | 3995 | 73662 | 167 | 0 | 4580 | 9175081 |
| | Total | 941 | 941 | 9187 | 32126604 | 4523 | 98125350 | 31867 | 2975510 | 2843 | 874400 | 48420 | 13410185 |

ഇഷ്യൂ കാറ്റഗറികളിലായി ഏറ്റവും കൂടുതൽ ഇഷ്യൂസ് റിപ്പോർട്ടു ചെയ്തത് പാലക്കാട് (7554), തിരുവനന്തപുരം (6772), വയനാട് (4580) എന്നിങ്ങനെയാണ്.

കഴിഞ്ഞ മൂന്നു വർഷത്തെ സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ വിവിധ ഇനങ്ങളിൽപ്പെട്ട ഇഷ്യൂസ് സംബന്ധിച്ച പുരോഗതി താഴെ കൊടുക്കുന്നു.













## 6.3. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഇഷ്യൂസിന്മേലുള്ള തുടർ നടപടികൾ

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച കണ്ടെത്തലുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ആവശ്യമായ പരിശ്രമങ്ങൾ നടത്തി വരുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച പിഴവുകളും പോരായ്മകളും കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ വലിയ തോതിൽ മുന്നോട്ട് പോകുന്നതിന് 2024-25 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ സംവിധാനം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി ഗ്രാമസഭകളും പബ്ലിക് ഹിയറിംഗിലും അംഗീകരിച്ച പദ്ധതി നിർവ്വഹണം സംബന്ധിച്ച പിഴവുകൾ സമയബന്ധിതമായും തൃപ്തികരമായും പരിഹരിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടത് പദ്ധതി നിർവ്വഹണ സംവിധാനത്തിന്റെ ഉത്തരവാദിത്വമാണ്. അടുത്ത സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ കഴിഞ്ഞ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അംഗീകരിച്ച സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച നിർവ്വഹണ പ്രശ്നങ്ങളിന്മേൽ പഞ്ചായത്ത് സ്വീകരിച്ച പരിഹാര നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടത് നിയമപരമായ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ തൊഴിലുറപ്പ് പദ്ധതി മിഷന്റെ നിരന്തരമായ മേൽനോട്ടവും ഇടപെടലുകളും ഉണ്ടാകുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. ഇതിന്റെ ഫലമായി മുൻവർഷങ്ങളിലെ സോഷ്യൽ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഇഷ്യൂസ് നല്ലൊരു പങ്കും പരിഹരിക്കുന്നതിന് പഞ്ചായത്തുകളിലെ നിർവ്വഹണ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്.

നിലവിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കി ഇഷ്യൂസ് ക്ലോസ് ചെയ്യുന്ന പ്രക്രിയയിൽ സോഷ്യൽ ഓഡിറ്റ് സംവിധാനവും പദ്ധതി നിർവ്വഹണ ചുമതലയുള്ളവരും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികൾ കൂടുതൽ സുതാര്യവും ഉത്തരവാദിത്വ പൂർണ്ണവും ഫലപ്രദവുമാക്കി മാറ്റുന്നതിനായി വിപുലമായ എ.ടി.ആർ. റിവ്യൂ കമ്മിറ്റികൾ സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ രൂപീകരിക്കുന്നതിനുള്ള തീരുമാനം ഇതിനകം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഗവേണിംഗ് ബോഡി യോഗം എടുത്തിട്ടുണ്ട്.

**മുൻ വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്തതും തൃപ്തികരമായി പരിഹരിച്ചതുമായ ഇഷ്യൂസ്**

| വർഷം | റിപ്പോർട്ട് ചെയ്ത ഇഷ്യൂസ് | തൃപ്തികരമായി പരിഹരിച്ച ഇഷ്യൂസ് | ശതമാനം |
|---|---|---|---|
| 2021-22 | 867 | 853 | 98.39 |
| 2022-23 | 6894 | 6720 | 97.48 |
| 2023-24 | 14968 | 13429 | 89.72 |
| 2024-25 | 48420 | 22013 | 45.46 |
| | ആകെ | | 82.76 |

## 6.4. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ പ്രധാനപ്പെട്ട നിർവ്വഹണ പ്രശ്നങ്ങളും അവയുടെ എണ്ണവും

### 6.4.1. സാമ്പത്തിക ക്രമക്കേട്

1. ചെലവഴിച്ചതായി ബുക്ക് ചെയ്തു എന്നാൽ യഥാർത്ഥത്തിൽ ചെലവഴിച്ചില്ല (1297)
2. പണം ചെലവഴിച്ച എന്നാൽ പ്രവൃത്തി നടപ്പാക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല (352)
3. പ്രവൃത്തി എടുക്കാത്ത ആളുകൾക്ക് പണം നൽകിയിട്ടുണ്ട് (8468)
4. അർഹമായതിനെക്കാൾ അധിക വേതനംവിതരണം ചെയ്തിട്ടുണ്ട് (500)
5. മസ്റ്റർ റോളിൽ ഒപ്പുവയ്ക്കാത്ത ആളുകൾക്ക് വേതനം വിതരണം ചെയ്തിരിക്കുന്നു (408)
6. പൂർത്തിയാക്കിയ പണികൾ ഇപ്പോൾ കാണാൻ കഴിയുന്നില്ല (589)
7. പ്രവൃത്തി ചെയ്തു എന്നാൽ ഇപ്പോൾ കാണാൻ കഴിയുന്നില്ല (1384)
8. പദ്ധതിയുടെ ഭാഗമായി നട്ട തൈകൾ കാണാൻ കഴിയുന്നില്ല (136)
9. അനുയോജ്യമല്ലാത്തതും ഉപയോഗ ശൂന്യവുമായ പ്രവൃത്തികൾ നടപ്പാക്കി (123)
10. പദ്ധതി പണം നൽകിയ ആൾ അല്ല യഥാർത്ഥത്തിൽ പ്രവൃത്തി നടപ്പാക്കിയത് (113)
11. ഗുണമേന്മയില്ലാത്ത സാധനസാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കി (162)

### 6.4.2. സാമ്പത്തിക വ്യതിയാനം

1. മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവുകളും ഫീൽഡിലെ യഥാർത്ഥ അളവുകളും തമ്മിലുള്ള വ്യത്യാസം (1834)
2. തൊഴിൽ കാർഡ് ഇല്ലാത്ത സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ പ്രവൃത്തി നടപ്പാക്കി (315)
3. സോഷ്യൽ ഓഡിറ്റിന് മെഷർമെന്റ് ബുക്ക് ലഭ്യമാക്കിയില്ല (522)
4. സോഷ്യൽ ഓഡിറ്റിന് ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല (347)
5. സോഷ്യൽ ഓഡിറ്റിന് എഫ്.ടി.ഒ.യുടെ കോപ്പി ലഭ്യമാക്കിയില്ല (327)
6. മസ്റ്റർ റോൾ സോഷ്യൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല (321)
7. ബന്ധപ്പെട്ട മറ്റ് രേഖകൾ സോഷ്യൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല (286)
8. ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായി പ്രവൃത്തി ഫീൽഡിൽ നടപ്പാക്കിയില്ല (190)
9. പ്രവൃത്തികളുമായി ബന്ധപ്പെട്ട ഭരണാനുമതി, സാങ്കേതികാനുമതി, ആനുവൽ ആക്ഷൻ പ്ലാൻ എന്നീ രേഖകൾ സോഷ്യൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല (172)
10. പ്രവൃത്തികളുമായി ബന്ധപ്പെട്ട ബില്ലുകൾ, വൗച്ചറുകൾ, മറ്റ് വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ സോഷ്യൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല (159)
11. ഭരണാനുമതി ലഭിച്ചതിനെക്കാളും അധിക തുക ചെലവഴിച്ച (195)
12. മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്താതെ പണം നൽകി (152)
13. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കല്ല നിർവ്വഹണവും ധനവിനിയോഗവും നടത്തിയിട്ടുള്ളത് (153)
14. സാങ്കേതികാനുമതി ലഭിച്ച തുകയെക്കാളും ഉയർന്ന തുക ചെലവഴിച്ചിട്ടുണ്ട് (278)
15. ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തുടർച്ചയായി നടപ്പാക്കി (103)
16. ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ നടപ്പാക്കി (179)

### 6.4.3. നടപടിക്രമങ്ങളുടെ ലംഘനം

1. മസ്റ്റർ റോളിലെ വെട്ടിത്തിരുത്തലുകൾ (5766)
2. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല (29224)
3. പ്രവൃത്തിയുമായി ബന്ധപ്പെട്ട മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോകൾ സോഷ്യൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല (1056)
4. ഏറ്റെടുത്ത പ്രവൃത്തികൾ പ്രയോജനപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും കഴിഞ്ഞിട്ടില്ല (3846)
5. പ്രവൃത്തികളുടെ ഗുണമേന്മയില്ലായ്മ (538)
6. പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു (747)
7. പദ്ധതിയുമായി ബന്ധപ്പെട്ട പ്രചരണത്തിനുള്ള ചുമരെഴുത്തുകൾ നടത്തിയിട്ടില്ല (256)
8. മാസത്തിലൊരിക്കൽ റോസ്ഗാർ ദിനം ആചരിക്കുന്നില്ല (485)
9. തൊഴിലാളികളുടെ കൈവശം തൊഴിൽ കാർഡ് സൂക്ഷിച്ചിട്ടില്ല (236)
10. വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നില്ല (125)
11. മസ്റ്റർ റോൾ വൃത്തിയായും സുരക്ഷിതമായും തയ്യാറാക്കി സൂക്ഷിക്കുന്നില്ല (525)
12. പദ്ധതിയുമായി ബന്ധപ്പെട്ട സുപ്രധാന രേഖകൾ കൃത്യമായും സൂക്ഷ്മമായും സുരക്ഷിതമായും തയ്യാറാക്കി സൂക്ഷിക്കുന്നില്ല (573)

13. മെഷർമെന്റ് ബുക്കും മസ്റ്റർ റോളും തമ്മിലുള്ള വ്യത്യാസം (355)
14. മെഷർമെന്റ് ബുക്ക് കൃത്യമായും സുരക്ഷിതമായും തയ്യാറാക്കി സൂക്ഷിക്കുന്നില്ല (962)
15. ജോബ് കാർഡിലെ രേഖപ്പെടുത്തലും വേതനം സംബന്ധിച്ച വിവരങ്ങളും എൻ.എം.എം.എസും തമ്മിൽ പ്രകടമായ വ്യത്യാസം (846)
16. തൊഴിലാളികൾക്ക് നിയമം ഉറപ്പാക്കുന്ന പ്രവൃത്തി സ്ഥല സൗകര്യങ്ങളും സുരക്ഷാ സാമഗ്രികളും ലഭ്യമാക്കിയിട്ടില്ല (667)

### 6.4.4. പരാതികൾ, ആവലാതികൾ

1. തൊഴിൽ കാർഡ് നിയമാനുസൃതം പുതുക്കി നൽകുന്നില്ല (368)
2. വിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും മെറ്റീരിയൽ വർക്കിന്റെ പണവും യഥാസമയം ലഭിക്കുന്നില്ല (164)
3. ലഭിക്കാതെ പോയ വേതനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല (939)
4. തൊഴിലാളികൾക്ക് യഥാസമയം വേതനം ലഭിക്കുന്നില്ല (497)
5. അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് യഥാസമയം എക്സ് ഗ്രേഷ്യ അലവൻസ് ലഭിക്കുന്നില്ല (116)
6. പരാതികൾ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്നതിനോ യഥാസമയം പരിഹാരം കണ്ടെത്തുന്നതിനോ സംവിധാനമില്ല (29)
7. കൂലി യഥാസമയം ലഭിക്കുന്നില്ല (79)
8. അപേക്ഷ നൽകിയിട്ടും യഥാസമയം തൊഴിൽ ലഭിക്കുന്നില്ല (51)
9. തൊഴിലിടങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നില്ല. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷാ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നില്ല (1220)

## 7. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ കാര്യപ്രാപ്തി വികസന പരിപാടികൾ

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ കാര്യപ്രാപ്തി വികസനത്തിനായി തുടർച്ചയായ പരിശീലനം സംഘടിപ്പിക്കുക എന്നതാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്വീകരിച്ച പരിശീലന നയം. സോഷ്യൽ ഓഡിറ്റിംഗിൽ റിസോഴ്സ് പേഴ്സൺമാർക്ക് ഉയർന്ന പ്രൊഫഷണൽ വൈദഗ്ധ്യം കൈവരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഉയർന്ന ഓഡിറ്റ് ഗുണമേന്മയും വസ്തുനിഷ്ഠമായ വിലയിരുത്തലും നടത്തുന്നതിന് കഴിയുകയുള്ളൂ. സോഷ്യൽ ഓഡിറ്റിംഗ് പ്രവർത്തനത്തിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള പഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും അതോടൊപ്പം ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന പദ്ധതി നിർവ്വഹണത്തിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരെയും വിശ്വാസത്തിൽ എടുത്തുകൊണ്ടും അവരുടെയാകെ സഹകരണം ഉറപ്പാക്കിക്കൊണ്ടും മാത്രമേ സോഷ്യൽ ഓഡിറ്റ് വിജയകരമായി നടപ്പാക്കുന്നതിന് കഴിയുകയുള്ളൂ. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മുഖ്യ പങ്ക് വഹിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിരന്തരമായ സഹായം പദ്ധതി വിലയിരുത്തലിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടു തന്നെ സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും മറ്റ് ഏതൊരു ഓഡിറ്റിൽ നിന്നും വ്യത്യസ്തമായി ആരോഗ്യകരമായ ബന്ധവും പരസ്പര സഹകരണവും വിവിധ വിഭാഗങ്ങളുമായി വളർത്തിയെടുക്കേണ്ടതുണ്ട്. മാത്രവുമല്ല, അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി കരുത്തുറ്റ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ നിലനിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. അതുകൊണ്ടു തന്നെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരും പഞ്ചായത്തുകളും തമ്മിലുള്ള പരസ്പരബന്ധം ശക്തിപ്പെടുത്തുന്നതിന് പരിശീലനത്തിലൂടെ ശ്രമിക്കുകണ്ടായി.



സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് ഗ്രാമസഭകളാണ്. ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വിവിധ വിഭാഗം ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനും പദ്ധതി വിലയിരുത്തൽ പ്രക്രിയയിൽ പദ്ധതിയുടെ ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക തലത്തിലുള്ള റിസോഴ്സ് പേഴ്സണൺമാരെ സജ്ജമാക്കുന്നതിനും പരിശീലനത്തിലൂടെ ലക്ഷ്യമിടുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് സാമ്പത്തിക-ധനകാര്യ ഓഡിറ്റിന്റെ സങ്കേതങ്ങളിലുള്ള വൈദഗ്ധ്യത്തോടൊപ്പം പദ്ധതിയുടെ ഭൗതിക നേട്ടങ്ങളെ സംബന്ധിച്ച് ഫീൽഡ് തലത്തിൽ വിലയിരുത്തൽ നടത്തി ഗുണഭോക്താക്കളിൽ നിന്നും മറ്റ് ജനവിഭാഗങ്ങളിൽ നിന്നും വിവരശേഖരണം നടത്തുന്നതിനാവശ്യമായ വൈദഗ്ധ്യവും വളർത്തിയെടുക്കേണ്ടതുണ്ട്. ഓരോ പദ്ധതിയെ സംബ

ഡിച്ചുമുള്ള വിലയിരുത്തലിന് അതത് പദ്ധതിയുടെ ലക്ഷ്യങ്ങൾ സംബന്ധിച്ച വ്യക്തതയും ഇത്തരം ലക്ഷ്യങ്ങൾ കൈവരിച്ചുവോ എന്ന് വിലയിരുത്തുന്നതിന് സഹായകമായ സൂചകങ്ങളെ സംബന്ധിച്ചുള്ള വൈദഗ്ധ്യവും ഉണ്ടാകേണ്ടതുണ്ട്. ചുരുക്കത്തിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ളവരെക്കാളും ഉയർന്ന വൈദഗ്ധ്യം പദ്ധതി വിലയിരുത്തൽ നടത്തുന്ന സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം പദ്ധതി നിർവ്വഹണം സംബന്ധിച്ച് വസ്തുനിഷ്ഠമായി വിലയിരുത്തൽ നടത്തുന്നതിനാവശ്യമായ ഓഡിറ്റ് മൂല്യങ്ങളെ സംബന്ധിച്ചും റിസോഴ്സ് പേഴ്സൺമാർക്ക് വ്യക്തമായ ധാരണയും സ്വാംശീകരണവും അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് തന്നെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് തങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും ഫലപ്രദമായി നിർവഹിക്കുന്നതിന് കഴിയുംവിധം പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് 2024-25 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഏറെ പ്രാധാന്യം നൽകുകയുണ്ടായി.



### 7.1. 2024-25 വർഷം നടപ്പാക്കിയ പ്രധാന പരിശീലനങ്ങൾ

1. ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുള്ള രണ്ട് ദിവസത്തെ പരിശീലന ശില്പശാല തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു (2024 ഏപ്രിൽ 23, 24 തീയതികളിൽ ഐ.എം.ജി. തിരുവനന്തപുരം)




2. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ മുപ്പത് ദിവസത്തെ പരിശീലനം (2025 മാർച്ച് 3 മുതൽ ഏപ്രിൽ 3 വരെ കില - സി. എച്ച്.ആർ.ഡി. കൊട്ടാരക്കര)
3. സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ഓഡിറ്റ് ഗുണമേന്മ ഉയർത്തുന്നതിനായുള്ള രണ്ട് ദിവസത്തെ തുടർ പരിശീലനം (അതത് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിൽ വച്ച് 2024 മെയ് 21 മുതൽ ജൂൺ 11 വരെ)
4. പുതുതായി തെരഞ്ഞെടുക്കപ്പെട്ട സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ അഞ്ച് ദിവസത്തെ പ്രാഥമിക പരിശീലനം (2024 ആഗസ്റ്റ് 6 മുതൽ 10 വരെ കില - സി.എച്ച്.ആർ.ഡി. കൊട്ടാരക്കര)
5. പുതുതായി തെരഞ്ഞെടുക്കപ്പെട്ട സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ അഞ്ച് ദിവസത്തെ പ്രാഥമിക പരിശീലനം (വിവിധ മേഖലാതല പരിശീലന കേന്ദ്രങ്ങളിൽ)
6. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പിന്റെ വിവിധ സ്കീമുകളെ സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് സംസ്ഥാനതല ഓറിയന്റേഷൻ പരിശീലനം (2024 നവംബർ 1, ചൈതന്യ പാസ്റ്ററൽ സെന്റർ, കാരിത്താസ്, കോട്ടയം)
7. പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ, സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി സ്കീമുകളെ സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് പരിശീലക പരിശീലനം (2024 ഡിസംബർ 6, 7 കില - സി.എച്ച്. ആർ.ഡി. കൊട്ടാരക്കര)




8. പി.എം.എ.വൈ. (ജി) എൻ.എസ്.എ.പി പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് ബ്ലോക്ക്, വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കുള്ള ഏകദിന പരിശീലനം (അതാത് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കേന്ദ്രങ്ങളിൽ - 2024 ഡിസംബർ 13 മുതൽ 23 വരെ)






## 7.2. സോഷ്യൽ ഓഡിറ്റ് ശില്പശാലകൾ

### 7.2.1 സോഷ്യൽ ഓഡിറ്റ് നയ രൂപീകരണ സംസ്ഥാനതല ശിൽപശാല

സോഷ്യൽ ഓഡിറ്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലേക്കു വ്യാപിപ്പിക്കണമെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം. അതുപോലെ തന്നെ സോഷ്യൽ ഓഡിറ്റ്, വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളിലേക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്ന പ്രാദേശിക പദ്ധതികളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെയും നയം. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വിപുലീകരിക്കുന്നതിന് ആവശ്യമായ പ്രവർത്തന തന്ത്രത്തിന് രൂപം നൽകുന്നതിനായി വിപുലമായ പങ്കാളിത്തത്തോടെ "Exploring Opportunities for Extending Social Audit from MGNREGS to other Development Programes" എന്ന വിഷയത്തിൽ സംസ്ഥാനതല ശില്പശാല 2024 ജൂലൈ 11-ാം തീയതി തിരുവനന്തപുരം ഐ.എം.ജി യിൽ സംഘടിപ്പിക്കുകയുണ്ടായി. ഡോ. ശർമ്മിള മേരി ജോസഫ് ഐ.എ.എസ് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി), ശ്രീ ശ്രീരാം സാംബശിവ റാവു ഐ.ഐ.എസ് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ), ഡോ.ജിജു.പി.അലക്സ് (മെമ്പർ, സംസ്ഥാന ആസൂത്രണ ബോഡ്), ശ്രീ.എസ്.രാജേന്ദ്രൻ (ഗവേണിംഗ് ബോഡി അംഗം), ശ്രീ കെ.അനിമോൻ (ഗവേണിംഗ് ബോഡി അംഗം), ശ്രീ. എ.എൻ. പ്രഭാകരൻ(ഗവേണിംഗ് ബോഡി അംഗം) വിവിധ വകുപ്പ് മേധാവികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ലോക്കൽ ഗവൺമെന്റ് അസോസിയേഷൻ ഭാരവാഹികൾ ഉൾപ്പെടെ 68 പേർ പ്രസ്തുത ശില്പശാലയിൽ പങ്കെടുക്കുകയുണ്ടായി.








### 7.2.2. സോഷ്യൽ ഓഡിറ്റിൽ നൂതനമായ പ്രവർത്തന മാതൃകകൾ കണ്ടെത്തുന്നതിനുള്ള സംസ്ഥാനതല ശില്പശാല

**(Workshop on Exploring Innovations in Social Audit)**

സോഷ്യൽ ഓഡിറ്റിൽ അനുകരണീയവും നൂതനവുമായ പ്രവർത്തന മാതൃകകൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല ശില്പശാല 2024 നവംബർ 15, 16 തീയതികളിൽ തൃശ്ശൂർ കില കാമ്പസിൽ സംഘടിപ്പിക്കുകയുണ്ടായി. ശില്പശാല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ശ്രീ.എ.നിസ്സാമുദീൻ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉയർത്തുന്നതിനാവശ്യമായ നിരവധി നിർദ്ദേശങ്ങളും തീരുമാനങ്ങളും ശില്പശാല കൈക്കൊള്ളുകയുണ്ടായി. വിവിധതലങ്ങളിലുള്ള സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരെ പ്രതിനിധീകരിച്ച് 36 പേർ ശില്പശാലയിൽ പങ്കെടുക്കുകയുണ്ടായി.











### 7.3. സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തുടർ പരിശീലനം

(Re-Training of Social Audit Village Resource Persons)

സോഷ്യൽ ഓഡിറ്റിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഓഡിറ്റ് വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും രൂപകല്പന ചെയ്ത് നടപ്പാക്കിയ പുനപരിശീലനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും ലക്ഷ്യങ്ങളെയും സംബന്ധിച്ച വ്യക്തമായ ധാരണയും കാഴ്ചപ്പാടും രൂപപ്പെടുക.
2. ഓഡിറ്റിംഗ് സ്റ്റാന്റേർഡ്സ് ഫോർ സോഷ്യൽ ഓഡിറ്റ് 2016 വ്യവസ്ഥ ചെയ്യുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനാവശ്യമായ കാര്യശേഷി കൈവരിക്കുക.
3. എം.ജി.എൻ.ആർ.ഇ.ജി.എസ് സോഷ്യൽ ഓഡിറ്റിനായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം തയ്യാറാക്കിയ 235 എം.ഐ.എസ്.ഇഷ്യൂസ് സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഇഷ്യൂസ് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
4. ഫീൽഡ് തല വെരിഫിക്കേഷന്റെ ഭാഗമായി എഞ്ചിനീയറിംഗ് പ്രവൃത്തികളുടെ മെഷർമെന്റ് എടുക്കുന്നതിനാവശ്യമായ വൈദഗ്ധ്യം വളരുക.
5. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കേണ്ട പഞ്ചായത്ത് അദ്ധ്യക്ഷൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ എന്നിവരോട് സ്വീകരിക്കേണ്ട പ്രൊഫഷണൽ ബന്ധത്തെ സംബന്ധിച്ചും സമീപനത്തെ സംബന്ധിച്ചും വ്യക്തമായ കാഴ്ചപ്പാട് രൂപപ്പെടുക.
6. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തന തന്ത്രം രൂപപ്പെടുക.
7. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രായോഗിക വൈദഗ്ധ്യം രൂപപ്പെടുക.

**വിവിധ ജില്ലകളിൽ താമസിച്ച് പഠിക്കുന്നതിന് സൗകര്യമുള്ള പരിശീലന കേന്ദ്രങ്ങളിൽ വച്ച് താഴെ പറയും പ്രകാരം രണ്ട് ദിവസത്തെ തുടർ പരിശീലനം സംഘടിപ്പിച്ചു**

| ക്രമ നമ്പർ | പരിശീലന തീയതി | പരിശീലന കേന്ദ്രം | പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1. | 21.05.2024<br>22.05.2024 | ആനിമേഷൻ സെന്റർ, വെള്ളയമ്പലം - തിരുവനന്തപുരം | 108 |
| 2. | 28.05.2024<br>29.05.2024 | കില - സി.എച്ച്.ആർ.ഡി. കൊട്ടാരക്കര -കൊല്ലം | 78 |
| 3. | 30.05.2024<br>31.05.2024 | കില - സി.എച്ച്.ആർ.ഡി. കൊട്ടാരക്കര -പത്തനംതിട്ട | 51 |
| 4. | 10.06.2024<br>11.06.2024 | സോഷ്യോ ഇക്കോണമിക് ഫൗണ്ടേഷൻ, സർവ്വോദയപുരം - ആലപ്പുഴ | 74 |
| 5. | 27.05.2024<br>28.05.2024 | ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചാസ്), ചങ്ങനാശ്ശേരി - കോട്ടയം | 55 |
| 6. | 29.05.2024<br>30.05.2024 | ആശ്രമം ഹെൽത്ത് റിസോർട്ട്, കട്ടപ്പന - ഇടുക്കി | 55 |
| 7. | 05.06.2024<br>06.06.2024 | റിന്യൂവൽ സെന്റർ, കലൂർ - എറണാകുളം | 87 |
| 8. | 03.06.2024<br>04.06.2024 | കില, മുളങ്കുന്നത്തുകാവ് - തൃശ്ശൂർ | 90 |
| 9. | 24.05.2024<br>25.05.2024 | ഐ.ആർ.ടി.സി.മുണ്ടൂർ - പാലക്കാട് | 81 |
| 10. | 29.05.2024<br>30.05.2024 | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നിലമ്പൂർ - മലപ്പുറം | 63 |
| 11. | 06.06.2024<br>07.06.2024 | സർഗ്ഗാലയ ക്രാഫ്റ്റ് വില്ലേജ്, വടകര - കോഴിക്കോട് | 96 |
| 12. | 27.05.2024<br>28.05.2024 | ശ്രേയസ്, സുൽത്താൻബത്തേരി - വയനാട് | 31 |
| 13. | 03.06.2024<br>04.06.2024 | സർഗ്ഗാലയ ക്രാഫ്റ്റ് വില്ലേജ്, വടകര - കോഴിക്കോട് | 62 |
| 14. | 24.05.2024<br>25.05.2024 | ഗുഡ്ഷെപ്പേർഡ്, പടന്നക്കാട്, നീലേശ്വരം - കാസർകോഡ് | 37 |
| | | **ആകെ** | **968** |


























Morning session - MIS issue category discussion









## 7.4. ദേശീയതല ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയിലെ പങ്കാളിത്തം
**(National Level Workshops and Training Programmes)**

കേരളത്തിലെ സോഷ്യൽ ഓഡിറ്റ് അനുഭവങ്ങൾ ദേശീയതലത്തിൽ കൈമാറുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പഠിക്കുന്നതിനുമായി താഴെപ്പറയുന്ന പരിപാടികളിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള പങ്കെടുക്കുകയുണ്ടായി.

1. ദേശീയ ഗ്രാമവികസന പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം (2024 മെയ് 6 മുതൽ 10 വരെ, എൻ.ഐ.ആർ.ഡി ഹൈദരാബാദ്)
2. ദേശീയ ഗ്രാമവികസന പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച മേഖലാതല പരിശീലന - അനുഭവ പഠന പരിപാടി (2024 ആഗസ്റ്റ് 26 മുതൽ 30 വരെ മൈസൂർ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് ആന്റ് പഞ്ചായത്ത് രാജ്, മൈസൂർ)
3. ദേശീയ ഗ്രമവികസന പഞ്ചായത്ത് രാജ്, ഹൈദരാബാദ് സംഘടിപ്പിച്ച പരിശീലന-അനുഭവ പഠന പരിപാടി (2024 ഒക്ടോബർ 21 മുതൽ 25 വരെ എസ്.ഐ.ആർ.ഡി, മേഘാലയ)
4. ദേശീയ ഗ്രാമവികസന പഞ്ചായത്ത് രാജ് ഹൈദരാബാദ് സംഘടിപ്പിച്ച മേഖലാതല പരിശീലന-അനുഭവ പഠന പരിപാടി (2024 നവംബർ 4 മുതൽ 9 വരെ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കാളഹസ്തി, ആന്ധ്രാപ്രദേശ്)
5. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംഘടിപ്പിച്ച ജോയിന്റ് ടാസ്ക് ഫോഴ്സ് യോഗം (6TH JUNE 2024 (4TH JOINT TASK) എൻ.ഐ.ആർ.ഡി.പി.ആർ. ഹൈദരാബാദ്)
6. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനാവശ്യങ്ങൾ കണ്ടെത്തുന്നതിനായുള്ള യോഗം (2025 ജനുവരി 30)
7. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംഘടിപ്പിച്ച അർദ്ധവാർഷിക വിലയിരുത്തൽ യോഗം (2024 9TH ഒക്ടോബർ കൃഷിഭവൻ, ന്യൂഡൽഹി)
8. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംഘടിപ്പിച്ച എംപവേഡ് കമ്മിറ്റി യോഗം (2025 മാർച്ച് 7) കൃഷി ഭവൻ, ന്യൂഡൽഹി.

## 7.5. പുതുതായി തെരഞ്ഞെടുത്ത സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കുള്ള പ്രാഥമിക പരിശീലനം
**(Induction Training for Newly Appointed Block Resource Persons)**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ വിവിധ ജില്ലകളിൽ ഒഴിവുണ്ടായിരുന്ന ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ ഗവേണിംഗ് ബോഡിയോഗം അംഗീകരിച്ച നിലവിൽ പ്രാബല്യത്തിൽ ഉള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയുണ്ടായി. ഇത്തരത്തിൽ പുതുതായി നിയമിച്ച 22 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് അഞ്ച് ദിവസത്തെ പ്രാഥമിക പരിശീലനം നൽകി അതത് ബ്ലോക്കിൽ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരായി നിയമിച്ചു. ബ്ലോക്ക് - ജില്ലാ റിസോഴ്സ് പേഴ്സൺമാർക്ക് 30 ദിവസത്തെ പ്രാഥമിക പരിശീലനം നടത്തുന്നതിനും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ചുമതലപ്പെടുത്തിയിരിക്കുന്നത് എൻ.ഐ.ആർ.ഡി.പി.ആർ ഹൈദരാബാദിനെയാണ്. എന്നാൽ ഇത്തരമൊരു പരിശീലനം ഉടൻ നടപ്പാക്കുന്നതിന് കഴിയില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള അഞ്ച് ദിവസത്തെ പ്രാഥമിക പരിശീലനം രൂപകല്പന ചെയ്ത് നടപ്പാക്കിയത്. 2024 ആഗസ്റ്റ് 6 മുതൽ 10 വരെ കില - സി.എച്ച്.ആർ.ഡി. കൊട്ടാരക്കരയിൽ വച്ചാണ് അഞ്ച് ദിവസത്തെ ബി.ആർ.പി.മാരുടെ പരിശീലനം നടപ്പാക്കിയത്. 22 പേർ പരിശീലനത്തിൽ പങ്കെടുത്തു.



പുതുതായി നിയമിച്ച സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന ലക്ഷ്യങ്ങൾ പ്രധാനമായും താഴെപ്പറയുന്നു.

1. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും ലക്ഷ്യങ്ങളും തിരിച്ചറിയുക.
2. സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട പ്രക്രിയ, നടപടിക്രമങ്ങൾ എന്നിവയെ സംബന്ധിച്ച് മനസിലാക്കുക.
3. ഓഡിറ്റ് സ്കീം റൂൾസ് 2011, ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് ഫോർ സോഷ്യൽ ഓഡിറ്റ് 2016 എന്നിവയെ സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുക.
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമ വ്യവസ്ഥകളെ സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുക.
5. പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികൾ ഏതെല്ലാം എന്ന വ്യക്തത കൈവരിക്കുക.
6. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധന, ഫീൽഡ് പരിശോധനയ്ക്കാവശ്യമായ പ്രായോഗിക വൈദഗ്ധ്യം വളർത്തുക.

7. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും എന്തെല്ലാം എന്നും സോഷ്യൽ ഓഡിറ്റിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട പരസ്പരബന്ധത്തെ സംബന്ധിച്ചും ധാരണ രൂപപ്പെടുക.

8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ വിലയിരുത്തുന്നതിന് സഹായകമായ വിവിധയിനം ഇഷ്യൂ കാറ്റഗറിയിൽ ഉൾപ്പെട്ടവയെ സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുക.

9. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ ആസൂത്രണ നിർവ്വഹണ നടപടി ക്രമങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുക.

10. എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ ഫീൽഡ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രായോഗിക പരിജ്ഞാനം ആർജ്ജിക്കുക.

11. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംഘാടനം, നടത്തിപ്പ് എന്നിവ സംബന്ധിച്ച ധാരണയും പരിജ്ഞാനവും വളരുക.

12. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും എം.ഐ.എസി. ൽ റിപ്പോർട്ടുകൾ രേഖപ്പെടുത്തുന്നതിനും ആവശ്യമായ പ്രായോഗിക പരിജ്ഞാനവും വൈദഗ്ധ്യവും വളരുക.

## 7.6 പുതുതായി തെരഞ്ഞെടുത്ത സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കുള്ള പ്രാഥമിക പരിശീലനം

**(Induction Training for Newly Appointed Village Resource Persons)**

കേരളത്തിലെ വിവിധ ജില്ലകളിൽ നിലവിലുണ്ടായിരുന്ന സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകളിലേയ്ക്ക് 2024-25 വർഷം നിയമനം നടത്തുകയുണ്ടായി. പുതുതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് താമസ സൗകര്യത്തോടു കൂടിയ മേഖലാതല പരിശീലന കേന്ദ്രങ്ങൾ കണ്ടെത്തി നാല് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് അതത് ബ്ലോക്കിൽ വച്ച് ഒരു ദിവസത്തെ പ്രത്യേക ഫീൽഡ് തല പരിശീലനം, എം.ജി.എൻ.ആർ.ജെ.ജി.എസ് ൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ ഫിൽഡ് മെഷർമെന്റുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനവും നടപ്പാക്കുകയുണ്ടായി. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ വിവിധ ബ്ലോക്കുകളിലേക്കാണ് പുതുതായി സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രാഥമിക പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

A. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും നടപടിക്രമങ്ങളെയും പ്രക്രിയയും സംബന്ധിച്ച അറിവും വ്യക്തയും കൈവരുക.

B. സോഷ്യൽ ഓഡിറ്റ് സ്റ്റാന്റേർഡ്സ് വ്യവസ്ഥ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം, ഫയൽ വെരിഫിക്കേഷൻ, ഫീൽഡ് വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച വ്യക്തതയും പ്രായോഗിക പരിജ്ഞാനവും വളരുക.

C. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമ വ്യവസ്ഥകൾ, സ്കീം ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച വ്യക്തത കൈവരുക.

D. പദ്ധതിയിൽ ഉൾപ്പെട്ട എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ ആസൂത്രണ-നിർവ്വഹണ നടപടി ക്രമങ്ങൾ സംബന്ധിച്ച വ്യക്തമായ ധാരണ രൂപപ്പെടുക.

E. എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ ഫീൽഡ് മെഷർമെന്റ് വൈദഗ്ധ്യം വളരുക.

F. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ നിർവ്വഹണ പ്രശ്നങ്ങൾ സംബന്ധിച്ച എം. ഐ. എസ്. ഇഷ്യൂ കാറ്റഗറി സംബന്ധിച്ച വ്യക്തമായ ധാരണ രൂപപ്പെടുക.

G. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ വൈദഗ്ധ്യം വളരുക.

H. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ സംഘാടനം, നടത്തിപ്പ് എന്നിവയിൽ പ്രായോഗിക പരിജ്ഞാനം വളരുക.








**വിവിധ മേഖലാ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രാഥമിക പരിശീലനം സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം | പരിശീലന തീയതി | പരിശീലന കേന്ദ്രം | പങ്കെടുത്ത ജില്ലകൾ | പങ്കാളിത്തം |
|---|---|---|---|---|
| 1. | 07.08.2024 to 10.08.2024 | സർഗ്ഗാലയ, വടകര, കോഴിക്കോട് | കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് | 33 |
| 2. | 16.08.2024 to 19.08.2024 | കില കാമ്പസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ | ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് | 61 |
| 3. | 21.09.2024 to 24.09.2024 | ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചാസ്), ചങ്ങനാശ്ശേരി | ആലപ്പുഴ, പത്തനംതിട്ട, കോട്ടയം | 53 |
| 4. | 30.09.2024 to 03.10.2024 | ഐ.ആർ.ടി.സി. മുണ്ടൂർ, പാലക്കാട് | മലപ്പുറം, പാലക്കാട് | 56 |
| 5. | 30.09.2024 to 03.10.2024 | ചൈതന്യ പാസ്റ്ററൽ സെന്റർ, കാരിത്താസ് ജംഗ്ഷൻ, കോട്ടയം | ആലപ്പുഴ, കോട്ടയം | 65 |
| 6. | 22.01.2025 to 25.01.2025 | റിന്യൂവൽ സെന്റർ, കലൂർ | എറണാകുളം | 63 |
| 7. | 27.01.2025 to 30.01.2025 | കദളീവനം, കൊടക്കാട്, കാസർഗോഡ് | വയനാട്, കണ്ണൂർ, കാസർഗോഡ് | 94 |
| 8. | 28.01.2025 to 31.01.2025 | കില സി.എച്ച്.ആർ.ഡി കൊട്ടാരക്കര | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | 46 |
| | **ആകെ** | | | **471** |

## 7.7.സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനപുരോഗതി വിലയി രുത്തുന്നതിനുള്ള അവലോകന യോഗങ്ങൾ

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ചിട്ടയായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും വിവിധതലങ്ങളിലുള്ള റിസോഴ്സ് പേഴ്സൺമാരുടെ അവലോകന യോഗങ്ങൾ തുടർച്ചയായി സംഘടിപ്പിച്ച് വരുന്നു. മാസത്തിൽ ഒരിക്കൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും മാസത്തിൽ രണ്ട് പ്രാവശ്യം ബ്ലോക്ക് - വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും അവലോകന യോഗങ്ങൾ ചേരുക എന്നതാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തീരുമാനം. ഇതുകൂടാതെ 2024-25 വർഷം ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നാല് പ്രത്യേക ദ്വിദിന യോഗങ്ങൾ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

1. 2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റ് പുരോഗതിയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിലെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ രണ്ട് ദിവസത്തെ അവലോകന യോഗം 2024 ആഗസ്റ്റ് 17-ാം തീയതി തൃശ്ശൂർ കിലയിൽ ചേരുകയുണ്ടായി. സോഷ്യൽ ഓഡിറ്റിൽ നേരിടുന്ന പ്രായോഗികമായ വെല്ലുവിളികളും പ്രശ്നങ്ങളും വിലയിരുത്തി കാര്യക്ഷമമായി സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനാവശ്യമായ പ്രവർത്തന തന്ത്രത്തിന് യോഗം രൂപം നൽകി. തുടർന്ന് മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ അവലോകന ശില്പശാലയ്ക്ക് രൂപം നൽകുകയും ചെയ്തു.



MID TERM REVIEW MEETING ON MGNREGS SOCIAL AUDIT
at KILA, Thrissur - Saturday 17th August 2024

2. സോഷ്യൽ ഓഡിറ്റ് ജില്ലാ/ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ദ്വിദിന ദക്ഷിണ മേഖലാ യോഗം (2024 സെപ്റ്റംബർ 2, 3 കില- സി.എച്ച്.ആർ.ഡി. കാമ്പസ്, കൊട്ടാരക്കര)



3. സോഷ്യൽ ഓഡിറ്റ് ജില്ലാ/ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഉത്തരമേഖലാ അവലോകന ദ്വിദിന അവലോകനയോഗം (2024 സെപ്റ്റംബർ 6, 7 സർഗ്ഗാലയ, വടകര, കോഴിക്കോട്)



4. സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ദ്വിദിന മദ്ധ്യമേഖലാ അവലോകന യോഗം(2024 സെപ്തംബർ 27, 28-റിന്യൂവൽ സെന്റർ, കലൂർ, എറണാകുളം)



വിവിധ ജില്ലകളിലെ വ്യത്യസ്ത ബ്ലോക്കുകളിലെ സോഷ്യൽ ഓഡിറ്റ് അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും മെച്ചപ്പെട്ട പ്രവർത്തനാനുഭവങ്ങൾ മറ്റുള്ളവരിലേയ്ക്ക് എത്തിക്കുന്നതിനും വേണ്ടി മൂന്ന് മേഖലാതല ദ്വിദിന അവലോകന യോഗങ്ങൾ താഴെപ്പറയും പ്രകാരം സംഘടിപ്പിച്ചു. വിവിധ ജില്ലാ റിസോഴ്സ് പേഴ്സൺമാരും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരും സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഉൾപ്പെടെയുള്ള സോഷ്യൽ ഓഡിറ്റ് സംസ്ഥാന ഓഫീസർമാരും പ്രസ്തുത ശില്പശാലയിൽ പങ്കെടുത്തു.

| തീയതി | വേദി | പങ്കാളിത്തം |
|---|---|---|
| 02.09.2024 - 03.09.2024 | കില - സി.എച്ച്.ആർ.ഡി., കൊട്ടാരക്കര | 63 |
| 06.09.2024 - 07.09.2024 | സർഗ്ഗാലയ, വടകര, കോഴിക്കാട് | 35 |
| 27.09.2024 - 28.09.2024 | റിന്യൂവൽ സെന്റർ, കലൂർ, എറണാകുളം | 70 |
| ആകെ | | 168 |

## 7.8. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പരീക്ഷ ണാടിസ്ഥാനത്തിൽ തയാറാക്കിയ പഞ്ചായത്ത് നിർണയ ആപ്ലിക്കേഷൻ

ബഹു. കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകനയോഗത്തിന്റെ നിർദ്ദേശ പ്രകാരം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി നിലവിൽ നടക്കുന്ന ഒരു ഗ്രാമസഭയുടെ നടത്തിപ്പ് പ്രക്രിയ ഡോക്യുമെന്റ് ചെയ്യുന്നതിനും പ്രസ്തുത ഗ്രാമസഭയുടെ Geo- tagged and time stamped photos ഉം ഹാജർ വിവരങ്ങളും പുതുതായി വികസിപ്പിച്ച 'Panchayat Nirnay' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി അപ് ലോഡ് ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്റ്റേറ്റിലും ഒരു മാതൃകാ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ സംഘടിപ്പിക്കുകയും അത് ഡോക്യുമെന്റ് ചെയ്ത് മൊബൈൽ ആപ് വഴി നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിനായി തിരഞ്ഞെടുത്തത് തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പുതുശ്ശേരിമഠം വാർഡിലെ ഗ്രാമസഭയാണ്. ബഹു. പാറശ്ശാല എം.എൽ.എ. ശ്രീ. സി.കെ. ഹരീന്ദ്രൻ ഉദ്ഘാടനം ചെയ്ത ഈ ഗ്രാമസഭയിൽ എം. ജി.എൻ.ആർ.ഇ.ജി.എ യുമായി ബന്ധപ്പെട്ട ബ്ലോക്കുതല ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരും പങ്കെടുത്തു.








## 8. മറ്റ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റുകൾ

### 8.1. കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ വിവിധ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ്

കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ വികസന പദ്ധതികളുടെ നിർവഹണത്തിൽ സുതാര്യത, ഉത്തരവാദിത്വം, സാമൂഹിക പങ്കാളിത്തം എന്നിവ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 4 ജില്ലകളിലായി 19 സ്ഥാപനങ്ങളുടെ പൈലറ്റ് സോഷ്യൽ ഓഡിറ്റ് നിർവഹിക്കുന്നതിനുള്ള ചുമതല സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയെ ഏല്പിക്കുകയുണ്ടായി. 2024 മാർച്ചോടെ SHRESHTA സ്കീം, PM-AJAY പ്രകാരമുള്ള എസ് സി ഹോസ്റ്റലുകൾ, സീനിയർ സിറ്റിസൺ ഹോംസ്, IRCA പദ്ധതി എന്നീ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിന്റെ ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കി. തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ചചെയ്ത് വിധേയമാക്കുന്നതിനായി ജില്ലാ സാമൂഹിക നീതി ഓഫീസർ, വനിത-ശിശു വികസനത്തിനായുള്ള ജില്ലാ ഓഫീസർ, വിമുക്തി മിഷൻ, പട്ടികജാതി വികസന ഓഫീസർ എന്നിവരുൾപ്പെടുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെയും പദ്ധതി നിർവ്വഹണം നടത്തിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും 4 ജില്ലകളിലായി ജില്ലാ സോഷ്യൽ ജസ്റ്റിസ് അംബ്ലികൾ സംഘടിപ്പിച്ചു. ജില്ലാതല സോഷ്യൽ ജസ്റ്റിസ് അസംബ്ലി വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

#### 8.1.1. ജില്ലാതല സോഷ്യൽ ജസ്റ്റീസ് അസംബ്ലികൾ

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ല സോഷ്യൽ ജസ്റ്റിസ് അസംബ്ലി 29 ജൂൺ 2024 ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. രാധാകൃഷ്ണൻ നായർ ബി യുടെ അധ്യക്ഷതയിൽ കൂടിയ യോഗം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കുമാരി സാക്ഷി മോഹൻ (അസിസ്റ്റന്റ് കളക്ടർ, തിരുവനന്തപുരം) മുഖ്യ പ്രഭാഷണം നടത്തി. പാനലിസ്റ്റുകളായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറും വിമുക്തി മാനേജരുമായ ശ്രീ.അജയ് കെ.ആർ, ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.ഷാനിബ ബീഗം, ഐ.സി.ഡി.എസ്. ജില്ലാ പ്രോഗ്രാം ഓഫീസർ ശ്രീമതി. കവിത റാണി രഞ്ജിത്, ജില്ലാ സാമൂഹ്യനീതി ഓഫീസർ ശ്രീമതി. ഷൈനിമോൾ പ്രദീപ് കുമാർ, ജില്ലാ പട്ടിക ജാതി വികസന വകുപ്പ് പ്രതിനിധികൾ,

പദ്ധതി നിർവഹണ സ്ഥാപന പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 20 പേർ യോഗത്തിൽ പങ്കെടുത്തു.




**കൊല്ലം**

കൊല്ലം ജില്ലാ സോഷ്യൽ ജസ്റ്റിസ് അസംബ്ലി 31 ജൂലൈ 2024 ന് കൊല്ലം ജില്ലാ പഞ്ചായത്ത് വെർച്വൽ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. കൊല്ലം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.അനിൽ ബി കല്ലേലിഭാഗത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.കെ ഗോപൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി.

പാനലിസ്റ്റുകളുകളായി വിമുക്തി മിഷൻ ജില്ലാ കോഡിനേറ്റർ ശ്രീ അരവിന്ദ് ഘോഷ്, ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശ്രീമതി ബിജി പി, ജില്ലാ സാമൂഹ്യനീതി ഓഫീസർ ശ്രീ.പ്രദീപ് കുമാർ, ജില്ലാ പട്ടിക ജാതി വികസന വകുപ്പ് പ്രതിനിധികൾ, പദ്ധതി നിർവ്വഹണ സ്ഥാപന പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 27 പേർ യോഗത്തിൽ പങ്കെടുത്തു.




**എറണാകുളം**

എറണാകുളം ജില്ല സോഷ്യൽ ജസ്റ്റിസ് അസംബ്ലി 2024 ജൂലൈ 06 ന് എറണാകുളം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ കെ.ജി ഡോണോ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. യോഗത്തിൽ, വിമുക്തി ജില്ല മാനേജർ ശ്രീ. പദ്മകുമാർ സി.ആർ മുഖ്യപ്രഭാഷണം നടത്തി. പാനലിസ്റ്റുകളായി ജില്ലാ വനിതാ ശിശുവികസന ഓഫീസർ ഡോ.പ്രവീണ ശങ്കർ, ജില്ലാ പട്ടികജാതി വികസന വകുപ്പ് ഓഫീസർ ശ്രീമതി സന്ധ്യ കെ, ജില്ലാ സാമൂഹ്യനീതി വകുപ്പ് പ്രതിനിധി ശ്രീ.അഖിൽ ജിത്ത്, പദ്ധതി നിർവഹണസ്ഥാപന പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 22 പേർ യോഗത്തിൽ പങ്കെടുത്തു.




**തൃശ്ശൂർ**

തൃശ്ശൂർ ജില്ല സോഷ്യൽ ജസ്റ്റിസ് അസംബ്ലി 2024 ജൂലൈ 19 ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.പി.എം. അഹമ്മദിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ വിമുക്തി ജില്ല മാനേജർ ശ്രീ. സതീഷ് പി.കെ മുഖ്യപ്രഭാഷണം നടത്തി.




പാനലിസ്റ്റുകളായി വിമുക്തി കോ ഓർഡിനേറ്റർ ശ്രീ ഷഫീഖ് കെ.വൈ., ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി മായ പി പണിക്കർ, ജില്ലാ പട്ടിക ജാതി വികസന വകുപ്പ് പ്രതിനിധി ശ്രീമതി സുനിത എം.ആർ, പദ്ധതി നിർവഹണ സ്ഥാപന പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ 32 പേർ യോഗത്തിൽ പങ്കെടുത്തു.

### 8.1.2 സംസ്ഥാന സോഷ്യൽ ജസ്റ്റിസ് അസംബ്ലി

കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ സോഷ്യൽ ജസ്റ്റിസ് അസംബ്ലി 2024 സെപ്റ്റംബർ 05 ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുകയുണ്ടായി. സംസ്ഥാന ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു. തന്റെ വെർച്വൽ ഉദ്ഘാടന പ്രസംഗത്തിൽ, വികസന പരിപാടി

കളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കുന്നതിന് സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം എടുത്തു പറയുകയുണ്ടായി. "വിവിധ സേവന വിതരണ സ്ഥാപനങ്ങളുടെ സാമൂഹിക ഉത്തരവാദിത്തം മെച്ചപ്പെടുത്തുന്നതിൽ സോഷ്യൽ ഓഡിറ്റ് പ്രക്രിയയ്ക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും." കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ശക്തമായ പിന്തുണ നൽകുന്നതിൽ കേന്ദ്ര-കേരള സർക്കാരിന്റെയും പ്രതിബദ്ധത ആവർത്തിച്ച് സൂചിപ്പിക്കുകയുണ്ടായി. സുസ്ഥിര വികസന നേട്ടങ്ങൾ കൈവരിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ അവരുടെ സാമൂഹിക ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നുവെന്ന് ഉറപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് അത്യന്താപേക്ഷിതമാണെന്നും മന്ത്രി സൂചിപ്പിക്കുകയുണ്ടായി.



സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എച്ച്.ദിനേശൻ ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാനലിസ്റ്റുകളായി സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.ജിജു പി അലക്സ്, സംസ്ഥാന ആസൂത്രണ ബോർഡിലെ സാമൂഹിക സേവന വിഭാഗം മേധാവി ഡോ. ബിന്ദു പി.വർഗ്ഗീസ്, ശ്രീമതി പ്രീതി വിൽസൺ (അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്) സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകളിൽ നിന്ന് ശ്രീ ബി.രമേശ്, മുരളീധരൻ പി എന്നിവർ സംസാരിച്ചു. സാമൂഹ്യ നീതി ശാക്തീകരണ വകുപ്പിന് (DoSJE) കീഴിലുള്ള നാല് സുപ്രധാന വികസന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും കണ്ടെത്തലുകളും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഡോ.എൻ. രമാകാന്തൻ, ശ്രീമതി നിലാഷ എസ്. (സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ (I/C), സോഷ്യൽ ഓഡിറ്റ് യൂണിറ്റ്) എന്നിവർ അവതരിപ്പിച്ചു.




സാമൂഹ്യനീതി, ശാക്തീകരണ വകുപ്പിന് (DoSJE) കീഴിലുള്ള വികസന പദ്ധതികളുടെ നടത്തിപ്പും നിരീക്ഷണവും ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള പന്ത്രണ്ട് ഇന പ്രഖ്യാപനം അംഗീകരിച്ചുകൊണ്ട് സംസ്ഥാന സാമൂഹ്യ നീതി അസംബ്ലി വിജയകരമായി സമാപിച്ചു. അവ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവഹണ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി ഫണ്ട് അനുവദിക്കുമെന്ന് ഉറപ്പാക്കണം.
2. ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ, ഭരണപരമായ ചെലവുകൾ എന്നിവയിൽ കാലാനുസൃതമായ പരിഷ്കരണങ്ങളും മെച്ചപ്പെടുത്തലുകളും ഉണ്ടാകണം.
3. ലഹരി വസ്തുക്കളുടെ ദുരുപയോഗം അനുഭവിക്കുന്ന സ്ത്രീകളെയും കുട്ടികളെയും സംയോജിത പുനഃരധിവാസ കേന്ദ്രങ്ങൾ (IRCAs) മുഖേന പരിചരിക്കുന്നതിന് പ്രത്യേക പരിപാടികൾ വികസിപ്പിക്കുക.
4. സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും സേവന ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന മൊഡ്യൂളുകളുടെയും പാഠ്യപദ്ധതിയുടെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
5. DoSJE യുടെ കീഴിലുള്ള സ്കീമുകളുടെ നിരീക്ഷണ സംവിധാനങ്ങളിൽ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുക.
6. പദ്ധതി നിർവ്വഹണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകൾ/രജിസ്റ്റർ എന്നിവ സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ മുൻകൂട്ടി നൽകുക.
7. വികസന പദ്ധതികളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പാക്കാൻ സംസ്ഥാന-പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ DoSJE -യിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ഫലപ്രദമായി വിനിയോഗിക്കുക.
8. പദ്ധതികളുടെ നിർവഹണം മെച്ചപ്പെടുത്തുന്നതിന് DoSJE യും മറ്റ് സംസ്ഥാന സർക്കാർ വകുപ്പുകളും തമ്മിലുള്ള സൗഹാർദ്ദപരമായ നിരന്തര ഇടപെടലുകൾ നടത്തുക.
9. ക്രോസ്-കട്ടിംഗ് പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിലെ മികച്ച അനുഭവങ്ങൾ രേഖപ്പെടുത്തുകയും പങ്കിടുകയും ചെയ്യും.
10. ഭരണഘടന അനുശാസിക്കുന്ന സാമൂഹ്യനീതി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പാക്കുക.

11. പദ്ധതി നിർവഹണ സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനും CSR ഫണ്ടുകൾ പോലെയുള്ള അധിക വിഭവങ്ങൾ സമാഹരിക്കാൻ പ്രോത്സാഹിപ്പിക്കുക.
12. മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി കൂടുതൽ വയോജന പരിരക്ഷ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വയോജന കേന്ദ്രങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുക.

## 8.2. ദേശീയ സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതി സോഷ്യൽ ഓഡിറ്റ്

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷ പദ്ധതിയാണ് ദേശീയ സാമൂഹ്യ സഹായപെൻഷൻ പദ്ധതി. കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടൊപ്പം അതാത് സംസ്ഥാനസർക്കാരിന്റെ അധിക ധനസഹായവും കൂടി കൂട്ടി ചേർത്താണ് ഇത് സംസ്ഥാനത്ത് നടപ്പിലാക്കുന്നു. കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതിയിൽ താഴെ പറയുന്നവയാണ് ഉൾപ്പെട്ടു വരുന്നത്.

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ സ്കീം (IGNOAPS)
2. ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം (IGNWPS)
3. ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ സ്കീം (IGNDPS)

   എല്ലാ പെൻഷനുകളിലും കൂടി ഏകദേശം 81590 എണ്ണം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

3 പെൻഷൻ സ്കീമുകളായി 815909 ഗുണഭോക്താക്കൾ ആണ് ദേശീയ സാമൂഹ്യ സുരക്ഷാപെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വരുന്നത്. പ്രസ്തുത പെൻഷനുകൾ പ്രായത്തിന്റെ വ്യത്യാസം അടിസ്ഥാനത്തിൽ 200 മുതൽ 500 വരെയുള്ള തുകയാണ് കേന്ദ്ര വിഹിതമായി നൽകുന്നത്.

ദേശീയ സാമൂഹ്യസുരക്ഷാപെൻഷൻ പദ്ധതിയുടെ സോഷ്യൽ ആഡിറ്റ് നടത്തിപ്പിലേക്കായി വകുപ്പ്തല കൂടിയിരിപ്പുകളും, ശില്പശാലയും, LSGDയുമായി നടത്തുകയുണ്ടായി. ടി മീറ്റിംഗുകളിൽ ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേയ്ക്കുവേണ്ട ചോദ്യാവലിയും റിസോഴ്സ് പേഴ്സൺമാർക്കുള്ള കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വീട് സന്ദർശിച്ച വിവരങ്ങൾ ശേഖരിക്കേണ്ടതുള്ളതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനായി സോഷ്യൽ ആഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കുവാൻ ഉള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ ആണ്. സാങ്കേതികമായ ചില നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ മേയ്മാസത്തോടെ സോഷ്യൽ ആഡിറ്റ് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.

**ജില്ല തിരിച്ചുള്ള കണക്ക്**

| ക്രമ നം | ജില്ല | ദേശീയ വാർദ്ധക്യ പെൻഷൻ | വിധവ പെൻഷൻ | ഭിന്നശേഷി പെൻഷൻ | ആകെ |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 78420 | 56573 | 3233 | 138226 |
| 2. | കൊല്ലം | 58619 | 39019 | 3137 | 100775 |
| 3. | പത്തനംതിട്ട | 24035 | 11445 | 1117 | 36591 |
| 4. | ആലപ്പുഴ | 21761 | 14161 | 1865 | 37787 |
| 5. | കോട്ടയം | 27195 | 12366 | 1624 | 41185 |
| 6. | ഇടുക്കി | 19981 | 8536 | 1181 | 29698 |
| 7. | എറണാകുളം | 42798 | 20142 | 2142 | 65082 |
| 8. | തൃശ്ശൂർ | 22924 | 18674 | 2827 | 44425 |
| 9. | പാലക്കാട് | 28671 | 28531 | 2276 | 59424 |
| 10. | മലപ്പുറം | 34321 | 33615 | 3435 | 71371 |
| 11. | കോഴിക്കോട് | 39681 | 22803 | 2474 | 64958 |
| 12. | വയനാട് | 11954 | 10511 | 504 | 22969 |
| 13. | കണ്ണൂർ | 42758 | 31795 | 2771 | 77324 |
| 14. | കാസറഗോഡ് | 12195 | 12544 | 1335 | 26094 |
| | ആകെ | 465259 | 320715 | 29935 | 815909 |



ശ്രീ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ് (റൂറൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്) ഡോ.എൻ. രമാകാന്തൻ (ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി- കേരളം) എന്നിവർ ദേശീയ സാമൂഹ്യ സഹായ പെൻഷൻ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് ധാരണാപത്രം 15-01-2025 ൽ കൈമാറി

## 8.3. പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ (PMAY(G)) സോഷ്യൽ ഓഡിറ്റ്

2025-26 വർഷത്തിനുള്ളിൽ ഗുണനിലവാരമുള്ള വീടുകൾ അർഹതയുള്ളവർക്ക് ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഇത് സംസ്ഥാനപദ്ധതിയുമായി ലൈഫുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കി വരുന്നത്. പി.എം.എ.വൈ (ഗ്രാമീൺ) വീടുകൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിൽ 1,20000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും കൂടിചേർത്ത് 400000/- രൂപയാണ് സംസ്ഥാനത്ത് നൽകി വരുന്നത്. നിലവിൽ 21-22 മുതൽ അനുവദിച്ച വീടുകൾ സോഷ്യൽ ആഡിറ്റ് നടത്തുവാൻ ആണ് തദ്ദേശ സ്വയംഭരണ വകുപ്പ് സോഷ്യ ഓഡിറ്റ് യൂണിറ്റ് കേരളയെ ഏല്പിച്ചിരിക്കുന്നത്. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 1616 |
| 2. | കൊല്ലം | - | 1414 |
| 3. | പത്തനംതിട്ട | - | 545 |
| 4. | ആലപ്പുഴ | - | 1104 |
| 5. | കോട്ടയം | - | 293 |
| 6. | ഇടുക്കി | - | 958 |
| 7. | എറണാകുളം | - | 485 |
| 8. | തൃശ്ശൂർ | - | 735 |
| 9. | പാലക്കാട് | - | 1871 |
| 10. | മലപ്പുറം | - | 1385 |
| 11. | കോഴിക്കോട് | - | 2329 |
| 12. | വയനാട് | - | 1248 |
| 13. | കണ്ണൂർ- | - | 363 |
| 14. | കാസറഗോഡ് | - | 629 |
| | ആകെ | - | 14975 |

പി.എം.എ.വൈ (ഗ്രാമീൺ)/പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങളും, കൈപ്പുസ്തകവും, NSAP പരിശീലനങ്ങളോടൊപ്പം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണവകുപ്പ് നിശ്ചയിച്ച് നൽകിയ ഗുണഭോക്താക്കളെ കണ്ട് വിവരണശേഖരണവും വിലയിരുത്തലും സംബന്ധിച്ച പ്രവർത്തനങ്ങൾ എല്ലാ ജില്ലയിലും പൂർത്തിയായി വരുന്നു.



ശ്രീ. സീറാം സാംബശിവ റാവു ഐ.എ.എസ് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്) ഡോ. എൻ. രമാകാന്തൻ (ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി- കേരളം) എന്നിവർ പി.എം.എ.വൈ (ജി) പാർപ്പിട പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ധാരണാപത്രം 13.01.2025 ൽ കൈമാറി

ദേശീയ സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയുടെയും, പ്രധാന മന്ത്രി ആവാസ് യോജന ഗ്രാമീണിന്റെയും കൈപ്പുസ്തക പ്രകാശനം ഫെബ്രുവരി 18 തൃശ്ശൂർ ജില്ലയിൽ നടന്ന തദ്ദേശ ദിനാഘോഷ പരിപാടിയിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എം.ബി. രാജേഷ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫിന് നല്കി നിർവ്വഹിച്ചു.



## 9. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ധനകാര്യ മാനേജ്മെന്റ്

### 9.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഫണ്ട് (2017-2025)




### 9.2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട്

2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഫണ്ടിന്റെ മൂന്ന് ഗഡുക്കളാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളയ്ക്ക് ലഭിച്ചത്. ലഭ്യമായ ഫണ്ടിന്റെ വിശദവിവരങ്ങൾ താഴെകൊടുത്തിട്ടുണ്ട്.

| ഫണ്ട് അനുവദിച്ച ഉത്തരവിന്റെ നമ്പർ | അനുവദിച്ച തീയതി | എസ്.എ.യു അക്കൗണ്ടിൽ ലഭിച്ച തീയതി | തുക |
|---|---|---|---|
| F.No. M-110 15/02/2024/ RE VIII/SAU (388863) Sl.No.40 | 01.10.2024 | 28.10.2024 | 3,94,12,500 |
| F.No. M-110 15/02/2024/RE VIII/SAU (388863) Sl.No.40 F.No. M-110 15/02/ | 01.01.2025 | 06-02-2025 | 3,94,12,500 |
| F.No. M-110 15/02/2024/ RE VIII/SAU (388863) Sl.No.58 | 25.03.2025 | 29-04-2025 (FY 2025-26) | 4,06,60,000 |
| **ആകെ** | | | **11,94,85,000** |

2024-25 സാമ്പത്തിക വർഷത്തിൽ മൂന്ന് ഗഡുക്കളായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും ലഭിച്ച ആകെ സോഷ്യൽ ഓഡിറ്റ് ഫണ്ട് 11,94,85000/- രൂപയാണ്. എന്നാൽ മൂന്നാം ഗഡു ഫണ്ട് ലഭിച്ചത് 2025 മാർച്ച് 25-ാം തീയതിയാണ്. അതുകൊണ്ട് തന്നെ പ്രസ്തുത ഗഡു സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിൽ 2025-26 സാമ്പത്തിക വർഷത്തിലാണ് ക്രെഡിറ്റായിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തിലെ നാലാം ഗഡു സോഷ്യൽ ഓഡിറ്റ് ഫണ്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ചത്2024 മാർച്ച് 27-ാം തീയതിയാണ്. നാലാം ഗഡുവായി അനുവദിച്ച 4,76,00,000/- രൂപ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് 11.04.2024 ലാണ്. 2024-25 സാമ്പത്തിക വർഷത്തിൽ സോഷ്യൽ ഓഡിറ്റ് അക്കൗണ്ടിൽ ആകെ ക്രെഡിറ്റ് ചെയ്ത തുകയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | 2023-24 ലെ നാലാംഗഡു | 4,76,00,000/- |
| 2. | 2024-25 ലെ ഒന്നാംഗഡു | 3,94,12,500/- |
| 3. | 2024-25 ലെ രണ്ടാംഗഡു | 3,94,12,500/- |
| | **ആകെ** | **12,64,25,000/-** |
| | 2023 -24 ലെ നീക്കിയിരിപ്പ് | 20,158,180/- |
| | 2024-25 ലെ ആകെ ലഭ്യമായ ഫണ്ട് | 14,65,83,180/- |

### 9.3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ധനവിനിയോഗം

എം.ജി.എൻ.ആർ.ഇ.ജി.എസ് സോഷ്യൽ ഓഡിറ്റ് 2024-25 സാമ്പത്തിക വർഷത്തെ ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | ഭരണ ചെലവുകൾ | 36,37,178.00 |
| 2. | സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയം/ വേതനം | 12,96,63,568.00 |
| 3. | ഓഫീസ് മാനേജ്മെന്റ് ചെലവുകൾ | 10,71,239.00 |
| 4. | കാര്യപ്രാപ്തി വികസന-പരിശീലന പരിപാടികൾ | 44,53,769.00 |
| 5. | ആസ്തികൾ ആർജ്ജിക്കുന്നതിന് | 2,72,312.00 |
| 6. | മറ്റുള്ളവ | 54,218.00 |
| | **ആകെ** | **13,91,52,284.00** |




## 9.4. കേന്ദ്ര സാമൂഹ്യനീതി – ശാക്തീകരണ മന്ത്രാലയം സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് ഫണ്ട്

2023-24 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പായി 30,409/-രൂപയും 2024-25 വർഷത്തിൽ ലഭിച്ച സോഷ്യൽ ഓഡിറ്റ് ഫണ്ടായ 2,12,363/- രൂപയും പലിശയിനത്തിൽ ലഭിച്ച 2632/- രൂപയും ഉൾപ്പെടെ ആകെ വരവ് 2,45,404/-രൂപയാണ്.

**സാമൂഹ്യനീതി ശാക്തീകരണ സോഷ്യൽ ഓഡിറ്റ് ചെലവ് ഇനങ്ങൾ**

| | | |
|---|---|---|
| 1. | ഭരണ ചെലവുകൾ | 20,225.00 |
| 2. | സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയം, യാത്രപ്പടി, വേതനം | 1,24,523.00 |
| 3. | കാര്യപ്രാപ്തി വികസനം-പരിശീലന പരിപാടികൾ | 15,704.00 |
| 4. | ജില്ലാ -സംസ്ഥാന സോഷ്യൽ ജസ്റ്റിസ് അസംബ്ലികളുടെ നടത്തിപ്പ് | 57,227.00 |
| | **ആകെ ചെലവുകൾ** | **2,17,679.00** |
| | **നീക്കിയിരിപ്പ്** | **27,725.00** |

## 9.5. ദേശീയ സാമൂഹ്യ സഹായ പെൻഷൻ പദ്ധതി

ദേശീയ സാമൂഹ്യസഹായ പെൻഷൻ പദ്ധതി സോഷ്യൽ ഓഡിറ്റ് ഫണ്ടായി 2024-25 സാമ്പത്തിക വർഷത്തിൽ ലഭിച്ചത് 1,37,10,000/- രൂപയാണ്.

**പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| 1. | ഭരണ ചെലവ് | 1,75,000.00 |
| 2. | ഓഫീസ് മാനേജ്മെന്റ് ചെലവുകൾ | 15,000.00 |
| 3. | കാര്യപ്രാപ്തി വികസനം, പരിശീലനങ്ങൾ | 2,90,356.00 |
| 4. | ആസ്തികൾ ആർജ്ജിക്കൽ | 73,750.00 |
| | ആകെ ചെലവ് | 5,54,106.00 |
| | **നീക്കിയിരിപ്പ്** | **1,31,55,894.00** |

## 9.6. പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ സോഷ്യൽ ഓഡിറ്റ്

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ സോഷ്യൽ ഓഡിറ്റ് ഫണ്ടായി 2024-25 സാമ്പത്തിക വർഷം ലഭിച്ചത് 92,06,390/-രൂപയാണ്.

**പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ സോഷ്യൽ ഓഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| 1. | ഭരണ ചെലവുകൾ | 53,515.00 |
| 2. | കാര്യപ്രാപ്തി വികസനം-പരിശീലനങ്ങൾ | 2,45,850.00 |
| 3. | പ്രോഗ്രാം നടത്തിപ്പ് ചെലവുകൾ (ശില്പശാലകൾ) | 35,535.00 |
| | **ആകെ ചെലവ്** | **3,34,900.00** |
| | **നീക്കിയിരിപ്പ്** | **90,16,329.00** |

## 9.7. ദേശീയ ആരോഗ്യ മിഷന്റെ ഭാഗമായുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സോഷ്യൽ ഓഡിറ്റ്

2023-24 സാമ്പത്തിക വർഷത്തിൽ ആറ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സോഷ്യൽ ഓഡിറ്റ് ആരംഭിക്കുകയും, 2024-25 വർഷത്തിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

**ദേശീയ ആരോഗ്യ മിഷൻ സോഷ്യൽ ഓഡിറ്റ് ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| 1. | റിസോഴ്സ് പേഴ്സൺമാരുടെ ഓണറേറിയം, വേതനം | 10,128.00 |
| | നീക്കിയിരിപ്പ് | 71,074.00 |

## 10. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭാവി പ്രവർത്തന നയവും പരിപാടികളും

കേരളത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഇതിനകം തന്നെ ദേശീയ തലത്തിൽ ശ്രദ്ധേയമായിട്ടുണ്ട്. അതുകൊണ്ടുതന്നെ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ 2025-26 വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ അർത്ഥപൂർണ്ണവും ഫലപ്രദവുമായി മാറ്റുന്നതിനായി താഴെപ്പറയുന്ന പ്രവർത്തന പരിപാടികൾ ജനറൽ ബോഡി യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

### 10.1. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം സംബന്ധിച്ച ദേശീയ ശില്പശാല

കേരളത്തിൽ ഫലപ്രദമായി നടപ്പാക്കിയ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവുമാണ് നമ്മുടെ സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയത്. ഇതിന്റെ ഭാഗമായി വിപുലമായ ജനകീയ പങ്കാളിത്ത വേദികൾ രൂപീകരിക്കുകയും പ്രാദേശിക ഭരണ നിർവ്വഹണത്തിലും ആസൂത്രണത്തിലും ഉയർന്നതോതിലുള്ള ജനപങ്കാളിത്തം വളർത്തിയെടുക്കുന്നതിനും ഇതിലൂടെ നമുക്ക് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ഉടമസ്ഥതാ ബോധത്തോടെയുമാണ് കേരളത്തിൽ സോഷ്യൽ ഓഡിറ്റ് വിജയകരമായി നടപ്പാക്കാൻ കഴിയുന്നത്. കേരളത്തിലെ സോഷ്യൽ ഓഡിറ്റ് അനുഭവങ്ങളും അധികാരവികേന്ദ്രീകരണത്തിലൂടെ രൂപപ്പെട്ട കരുത്തുറ്റ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്ക് പ്രാദേശിക ഭരണ നിർവ്വഹണം എത്രമാത്രം ജനാധിപത്യവത്ക്കരിക്കുന്നതിന് കഴിഞ്ഞു എന്ന് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലെ വികസന രംഗത്ത് പ്രവർത്തിക്കുന്നവർക്കായി പങ്കുവയ്ക്കുന്നതിന് "സോഷ്യൽ ഓഡിറ്റും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യവത്ക്കരണവും" എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് ഒരു ദേശീയ അനുഭവ പഠന ശില്പശാല സംഘടിപ്പിക്കാവുന്നതാണ്.

### 10.2. സോഷ്യൽ ഓഡിറ്റ് മറ്റ് പദ്ധതികളിലേക്ക് വിപുലീകരിക്കുക

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തുടക്കം കുറിച്ച സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മറ്റ് പദ്ധതികളിലേക്കും വ്യാപിപ്പിക്കണം എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നയം. ഈയൊരു കാഴ്ചപ്പാടോടെ ഇതിനകം തന്നെ പത്തിലധികം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിയമ വ്യവസ്ഥയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് മാറിയിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെയും സാമൂഹ്യ-സാമ്പത്തിക നേട്ടങ്ങൾ വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് പ്രയോജനപ്പെടുത്തണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെയും കാഴ്ചപ്പാട്. ഇതനുസരിച്ച് സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വിപുലീകരിക്കുന്നതിനും മറ്റ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് ഏറ്റെടുക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

### 10.3. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പ്രൊഫഷണൽ വൈദഗ്ധ്യം വളർത്തുക

സോഷ്യൽ ഓഡിറ്റ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് റിസോഴ്സ് പേഴ്സൺമാരുടെ ഓഡിറ്റ് വൈദഗ്ധ്യം മെച്ചപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് ഗുണമേന്മ ഉറപ്പാക്കേണ്ടതുമാണ്. അതത് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട വിലയിരുത്തലിന് സഹായകമായ അവലോകന സൂചകങ്ങൾ രൂപപ്പെടുത്തുകയും വേണം. റിസോഴ്സ് പേഴ്സൺമാർ ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട വിലയിരുത്തൽ നടത്തേണ്ടത്. സോഷ്യൽ ഓഡിറ്റിന്റെ വിശ്വാസ്യത സംരക്ഷിക്കുന്നതിന് കഴിയും വിധം ഉയർന്ന നൈതിക മൂല്യങ്ങളും വസ്തുനിഷ്ഠമായ വിലയിരുത്തലിന് ആവശ്യമായ ഓഡിറ്റ് വൈദഗ്ധ്യവും സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരിൽ വളർത്തിയെടുക്കേണ്ടതുണ്ട്. ഇതിന് സഹായകമായ ഫലക്ഷമതയുള്ള പരിശീലന പരിപാടികൾ വ്യവസ്ഥാപിതമായും ശാസ്ത്രീയമായും സംഘടിപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിയേണ്ടതുണ്ട്. ഇതിനായി സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പരിശ്രമങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

### 10.4. സോഷ്യൽ ഓഡിറ്റ് തുടർ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിന് ആക്ഷൻ ടേക്കൺ റിവ്യൂ കമ്മിറ്റികളുടെ രൂപീകരണം

സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ നിർവ്വഹണ ചുമതലയുള്ള സ്ഥാപനങ്ങൾ സമയബന്ധിതമായി പരിഹാരനടപടികൾ സ്വീകരിക്കുന്നു എന്നുറപ്പാക്കേണ്ടതുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ പിഴവുകളും ന്യൂനതകളും തൃപ്തികരമായും ഫലപ്രദമായും ഉത്തരവാദിത്വപ്പെട്ടവർ പരിഹരിച്ചു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. മാത്രവുമല്ല ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടുന്നില്ല എന്നുറപ്പാക്കുകയും വേണം. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സ്വീകരിച്ച പരിഹാര നടപടികളുടെ ന്യായവും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തിലും, ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ആക്ഷൺ ടേക്കൺ റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ

തുടർ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്നതാണ്.

### 10.5.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ തത്സമയ വീഡിയോ റിക്കോർഡിംഗിനായി "പഞ്ചായത്ത് നിർണ്ണയ ആപ്ലിക്കേഷൻ"

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയുടെ ഫലക്ഷമത വിലയിരുത്തുന്നതിനുമായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തയ്യാറാക്കിയ "പഞ്ചായത്ത് നിർണ്ണയ ആപ്പ്" 2025 -26 ൽ കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനവും വിപുലമായ ബോധവത്ക്കരണവും പഞ്ചായത്തിലെ ജനപ്രതിനിധികളിലും ഉദ്യോഗസ്ഥരിലും സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരിലും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തയ്യാറാക്കി നടപ്പാക്കുന്നതാണ്.

### 10.6. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കൽ

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി പദ്ധതിയുടെ സാമൂഹ്യ-സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ച വിശദമായ വിലയിരുത്തൽ നടക്കുന്നില്ല. ഇതിന് കഴിയണമെങ്കിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലെ നിലവിലെ പങ്കാളിത്തം തൊഴിലുറപ്പ് തൊഴിലാളികളിലും മേറ്റുമാരിലും തൊഴിലുറപ്പ് വിഭാഗം ജീവനക്കാരിലും മാത്രം പരിമിതപ്പെട്ടിരിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കൾ ആയി മാറേണ്ട കർഷകർ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ജനങ്ങളിലേക്ക് സോഷ്യൽ ഓഡിറ്റ് പങ്കാളിത്തം മാറുമ്പോൾ മാത്രമേ സോഷ്യൽ ഓഡിറ്റ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കഴിയുകയുള്ളൂ. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ സഹായത്തോടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലും പബ്ലിക് ഹിയറിംഗിലും എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ ക്രിയാത്മകമായ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപ്പാക്കുന്നതാണ്.

### 10.7. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിലെ ഇഷ്യൂസ് കുറയ്ക്കുന്നതിനായി പദ്ധതി ആസൂത്രണവും നിർവ്വഹണവും കൂടുതൽ മെച്ചപ്പെടുത്തുക

സോഷ്യൽ ഓഡിറ്റിലെ കണ്ടെത്തലുകളിലും റിപ്പോർട്ട് ചെയ്യുന്ന ഇഷ്യൂസിന്റെ എണ്ണത്തിലും വലിയ തോതിലുള്ള വർദ്ധനവാണ് 2024-25 വർഷത്തിൽ ഉണ്ടായത്. പദ്ധതി ആസൂത്രണവും നിർവ്വഹണവും കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട് എന്നാണ് ഇത് വ്യക്തമാക്കുന്നത്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന തൊഴിലുറപ്പ് ഗാരണ്ടി കൗൺസിലിന്റെയും എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷന്റെയും സഹായത്തോടെ ആവശ്യമായ തുടർ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കൈക്കൊള്ളുന്നതാണ്.

### 10.8.സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പരിശ്രമങ്ങൾ ശക്തിപ്പെടുത്തുക

സംസ്ഥാനത്തെ നല്ലൊരു പങ്ക് പഞ്ചായത്തുകളും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുന്നില്ല. ഇതിന്റെ ഫലമായി ഓരോ സോഷ്യൽ ഓഡിറ്റ് സൈക്കിളിന്റെയും അവസാന ഘട്ടത്തിൽ വലിയ തിടുക്കത്തോടെ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടി വരുന്നു. ഇത് സോഷ്യൽ ഓഡിറ്റിന്റെ ഗുണമേന്മയെ ദോഷകരമായി ബാധിക്കുന്നുണ്ട്. മാത്രവുമല്ല, 2025-26 വർഷം മുതൽ പഞ്ചായത്ത് നിർണ്ണയ് ആപ്ലിക്കേഷനിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം രേഖപ്പെടുത്തി നല്കേണ്ടതുണ്ട്. പരമാവധി 25-30 ദിവസങ്ങൾകൊണ്ട് ഒരു പഞ്ചായത്തിന്റെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കി എം.ഐ.എസ് വെബ്പോർട്ടലിൽ രേഖപ്പെടുത്തി നല്കുന്നതിന് പഞ്ചായത്തുകളുടെ സഹകരണത്തോടെ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

# അനുബന്ധം

## INDEPENDENT AUDITOR'S REPORT

To,

The Director
Mahatma Gandhi National Rural Employment Guarantee Act Social Audit Society
Kerala

**Report on the Financial Statements**

We have audited the attached Balance Sheet of Mahatma Gandhi National Rural Employment Guarantee Act Social Audit Society, Kerala as at March 31 2025, the Income and Expenditure Account, the Receipts and Payments Account for the year on that date annexed thereto, and other explanatory information.

**Management's Responsibility for the Financial Statements**

Management is responsible for the preparation of these financial statements that give a true and fair view of the financial position and financial performance of the agency. This responsibility includes the design, implementation and maintenance of internal control relevant to the preparation and presentation of the financial statements that give a true and fair view and are free from material misstatement, whether due to fraud or error.

**Auditor's Responsibility**

Our responsibility is to express an opinion on these financial statements based on our audit. We conducted our audit in accordance with auditing standards generally accepted in India. Those standards require that we comply with ethical requirements and plan and perform the audit to obtain reasonable assurance about whether the financial statements are free of material misstatements.

An audit involves performing procedures to obtain audit evidence about the amounts and disclosures in the financial statements. The procedures selected depend on the auditor's judgement, including the assessment of the risk of materials misstatement of the financial statements, whether due to fraud or error. In making those risk assessments, the auditor considers internal control relevant to the preparation and fair presentation of the financial statement in order to design audit procedures that are appropriate in the circumstances. An audit also includes evaluating the appropriateness of accounting policies used and the reasonableness of the accounting estimates made by management, as well as evaluating the overall presentation of the financial statements.

We believe that the audit evidence we have obtained is sufficient and appropriate to provide a basis for our audit opinion.

**Further to the above, we report that**

We have obtained all the information and explanations which to the best of our knowledge and belief were necessary for the purpose of our audit.

In our opinion proper books of accounts as required by law have been kept by the agency so far as appears from our examination of those books.

The Balance Sheet, Income & Expenditure Account and Receipts & Payments Account dealt with this Report are in agreement with the books of account.

SREEJITH P J & CO
THIRUVANANTHAPURAM
FRN : 025862S
CHARTERED ACCOUNTANTS

T C No. 31/169-4, Mayoor Plaza,
Ambalamukku- Peroorkada Road,
Above South Indian Bank,
Peroorkada .P.O,
Thiruvananthapuram – 695 005

**Opinion**

In our opinion and to the best of our information and according to the explanation given to us the financial statements give the information required and give a true and fair view in conformity with the accounting principles generally accepted in India, except for the matter specified in the Audit Observation paragraph as provided below:

In the case of the Balance Sheet, of the State of Affairs as at March 31, 2025.

In the case of the Income & Expenditure Account, of the Excess of Income over Expenditure for the period 01-04-2024 to 31-03-2025, and

In the case of the Receipts & Payments Account, as to the Receipts and Payments for the period 01-04-2024 to 31-03-2025.

Expenditure reported in the Income and Expenditure Account is properly reflected in the Utilization Certificate for the same period.

**Audit Observation**

We have observed that the following funds having brought forward balance from previous year with no transactions during the relevant year and there is no information available to us for auditing the same:

Kudumbasree Fund : Rs. 6,57,072.00

Noon Meal Day Scheme Fund : Rs. 74,539.00

Date: 24-06-2025

Place: Thiruvananthapuram

UDIN: 25236476BMZYFG4434

SREEJITH P J & CO
CHARTERED ACCOUNTANTS
Firm Reg. No. 025862S

SREEJITH NAMPOOTHIRI P J
Proprietor, M. No. 236476

SREEJITH P J & CO
THIRUVANANTHAPURAM
FRN : 025862S
CHARTERED ACCOUNTANTS

**MGNREGA SOCIAL AUDIT SOCIETY KERALA (MGNSASK), THIRUVANANTHAPURAM**
**BALANCE SHEET AS ON 31-3-2025 (Consolidated)**

| PY 2023-24 (Rs.) | LIABILITIES | Amount Rs. | CY 2024-25 (Rs.) | PY 2023-24 (Rs.) | ASSETS | Amount Rs. | CY 2024-25 (Rs.) |
|---|---|---|---|---|---|---|---|
| 1,93,91,319.99 | **Central Govt. Project Fund (MGNREGS)** | | | 21,16,120.00 | **Fixed Assets** | | 23,88,432.00 |
| | Balance as per last Balance Sheet | 1,93,91,319.99 | | | **Capital Work in Progress (NSAP Web App)** | | 73,750.00 |
| | Add: Grant received during the year | 12,64,25,000.00 | | - | | | |
| | | 14,58,16,319.99 | | | **Advances** | | |
| | Less: Utilised during the year | 13,88,44,534.00 | | | Recruitment and Training Advance | 6,540.00 | |
| | Less: Cost of Fixed Assets | 2,72,312.00 | 66,99,473.99 | | Residential Audit Advance | 47,678.00 | 54,218.00 |
| 52,708.00 | **Interest Payable to MoRD** | | | 2,01,75,638.99 | **Cash and Bank Balances** | | |
| | Opening Balance | 52,708.00 | | | Cash in hand (MGNREGS) | 19.00 | |
| | Add:Bank Interest received | 6,21,982.00 | | | Cash at Bank | | |
| | | 6,74,690.00 | | | SBI Main A/c No. 37364716754 (MGNREGS) | 74,76,501.99 | |
| | Less: Bank Interest repaid to MoRD | 5,93,816.00 | 80,874.00 | | SBI Holding A/c No. 41843701310 (MGNREGS) | - | |
| | | | | 2,00,453.50 | SBI A/c No. 41140956356 (NHM & PMAY) | 1,95,075.50 | |
| | **Capital Reserve** | | | - | SBI A/c No. 43670805264 (PMAY) | 88,76,328.00 | |
| 21,16,120.00 | Fixed Assets and Capital Work in Progress | | 24,62,182.00 | 30,409.00 | SBI A/c No. 42425703930 (Social Justice) | 27,725.00 | |
| | | | | - | SBI A/c No. 43480165227 (NSAP DPS) | - | |
| | **Other Scheme Funds** | | | - | SBI A/c No. 43479937391 (NSAP OAPS) | - | |
| 6,57,072.00 | Kudumbasree Fund | | 6,57,072.00 | - | SBI A/c No. 43480514724 (NSAP WPS) | - | 1,65,75,649.49 |
| 74,539.00 | Noon Meal Day Scheme Fund | | 74,539.00 | | | | |
| 79,240.00 | NHM Scheme | | 71,074.00 | | | | |
| 1,21,213.50 | PMAY Scheme | | 89,79,414.50 | | | | |
| 30,409.00 | Social Justice Scheme | | 47,950.00 | | | | |
| - | NSAP Disability Pension Scheme | | - | | | | |
| - | NSAP Old Age Pension Scheme | | - | | | | |
| - | NSAP Widow Pension Scheme | | - | | | | |
| - | TDS Payable | | 19,470.00 | | | | |
| 2,25,22,621.49 | | Total | 1,90,92,049.49 | 2,25,22,621.49 | | Total | 1,90,92,049.49 |

24-06-2025
Thiruvananthapuram

**Dr. N. RAMAKANTAN**
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

SREEJITH P J & CO
CHARTERED ACCOUNTANTS
Firm Reg. No. 025862S

SREEJITH NAMPOOTHIRI P J
Proprietor, M. No. 236476

UDIN: 25236476BMZYFG4434

**MGNREGA SOCIAL AUDIT SOCIETY KERALA (MGNSASK), THIRUVANANTHAPURAM**
**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-3-2025 (Consolidated)**

| PY 2023-24 (Rs.) | EXPENDITURE | Amount Rs. | CY 2024-25 (Rs.) | PY 2023-24 (Rs.) | INCOME | Amount Rs. | CY 2024-25 (Rs.) |
|---|---|---|---|---|---|---|---|
| | To Social Audit Expenses | | | | By Grant utilized during the year | | |
| 28,41,572.00 | Administrative Expenses | 36,52,178.00 | | 14,33,36,000.00 | Central Govt. Project Fund | 12,64,25,000.00 | |
| 15,57,117.00 | Office Cost | 10,71,239.00 | | -81,65,827.00 | Add: Excess Utilization during the year | 1,24,19,534.00 | 13,88,44,534.00 |
| 13,07,71,484.00 | RP Salary, Training, Monitoring& Conduct of Audit | 13,41,21,117.00 | 13,88,44,534.00 | | | | |
| | " Other Scheme Expenses | | | | " Other Scheme Income | | |
| 4,44,412.00 | NHM Scheme | 10,128.00 | | 4,44,412.00 | NHM Scheme | 10,128.00 | |
| 1,30,940.00 | PMAY Scheme | 3,51,590.00 | | 1,30,940.00 | PMAY Scheme | 3,51,590.00 | |
| 1,82,275.00 | Social Justice Scheme | 1,97,454.00 | | 1,82,275.00 | Social Justice Scheme | 1,97,454.00 | |
| - | NSAP Disability Pension Scheme | 65,272.00 | | - | NSAP Disability Pension Scheme | 65,272.00 | |
| - | NSAP Old Age Pension Scheme | 2,75,998.00 | | - | NSAP Old Age Pension Scheme | 2,75,998.00 | |
| - | NSAP Widow Pension Scheme | 1,39,086.00 | 10,39,528.00 | - | NSAP Widow Pension Scheme | 1,39,086.00 | 10,39,528.00 |
| 13,59,27,800.00 | | Total | **13,98,84,062.00** | 13,59,27,800.00 | | Total | **13,98,84,062.00** |

24-06-2025
Thiruvananthapuram

MAHATMA GANDHI NREGA SOCIAL AUDIT SOCIETY (Govt. of Kerala) C.W.C. BUILDING L.M.S. ... TRIVANDRUM-33

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

SREEJITH P J & CO CHARTERED ACCOUNTANTS THIRUVANANTHAPURAM FRN : 025862S

SREEJITH P J & CO
CHARTERED ACCOUNTANTS
Firm Reg. No. 025862S

SREEJITH NAMPOOTHIRI P J
Proprietor, M. No. 236476

**MGNREGA SOCIAL AUDIT SOCIETY KERALA (MGNSASK), THIRUVANANTHAPURAM**
**RECEIPTS AND PAYMENTS FOR THE YEAR ENDED 31-3-2025 (Consolidated)**

| PY 2023-24 (Rs.) | RECEIPTS | Amount Rs. | CY 2024-25 (Rs.) | PY 2023-24 (Rs.) | PAYMENTS | Amount Rs. | CY 2024-25 (Rs.) |
|---|---|---|---|---|---|---|---|
| | To **Opening Balance** | | | | By Social Audit Expenses | | |
| | Cash in hand (MGNREGS) | | 128.00 | 28,41,572.00 | Administrative Expenses | 36,37,178.00 | |
| 4,27,13,393.49 | SBI Main A/c No. 37364716754 (MGNREGS) | 2,01,58,180.99 | | 15,57,117.00 | Office Cost | 10,71,239.00 | |
| | SBI Holding A/c No. 41843701310 (MGNREGS) | 17,330.00 | | 13,07,71,484.00 | RP Salary, Training, Monitoring & Conduct of Audit | 13,41,17,337.00 | 13,88,25,754.00 |
| | SBI A/c No. 41140956356 (NHM & PMAY) | 2,00,453.50 | | 2,92,773.00 | " Fixed Assets | | 2,72,312.00 |
| | SBI A/c No. 42425703930 (Social Justice) | 30,409.00 | 2,04,06,373.49 | - | " Recruitment and Training Advance | | 6,540.00 |
| | | | | | " Residential Audit Advance | | 47,678.00 |
| 14,33,36,000.00 | " Social Audit Fund from MoRD | | 12,64,25,000.00 | 6,47,719.00 | " Repayment of Bank Interest to MoRD | | 5,93,816.00 |
| 5,96,843.00 | " Bank Interest (MGNREGS) | | 6,21,982.00 | 3,00,00,000.00 | " Repayment of fund from MGNREGS | | - |
| | " Other Scheme Fund Receipts | | | | " Other Scheme Payments | | |
| 1,73,250.00 | NHM Scheme | - | | 4,44,412.00 | NHM Scheme | 10,128.00 | |
| 2,35,410.00 | PMAY Scheme | 92,06,390.00 | | 1,30,940.00 | PMAY Scheme | 3,50,900.00 | |
| 2,12,362.00 | Social Justice Scheme | 2,12,363.00 | | 1,82,275.00 | Social Justice Scheme | 1,97,454.00 | |
| - | NSAP Disability Pension Scheme | 65,272.00 | | - | NSAP Disability Pension Scheme | 65,272.00 | |
| - | NSAP Old Age Pension Scheme | 3,49,748.00 | | - | NSAP Old Age Pension Scheme | 3,49,748.00 | |
| - | NSAP Widow Pension Scheme | 1,39,086.00 | 99,72,859.00 | - | NSAP Widow Pension Scheme | 1,39,086.00 | 11,12,588.00 |
| | " Other Scheme Interest Receipts | | | | By **Closing Balance** | | |
| 3,902.00 | NHM Scheme | 1,962.00 | - | | Cash in hand (MGNREGS) | | 19.00 |
| 3,311.00 | PMAY Scheme | 3,401.00 | | | Cash at Bank | | |
| 322.00 | Social Justice Scheme | 2,632.00 | 7,995.00 | 2,01,75,638.99 | SBI Main A/c No. 37364716754 (MGNREGS) | 74,76,501.99 | |
| | | | | - | SBI Holding A/c No. 41843701310 (MGNREGS) | - | |
| | | | | 2,00,453.50 | SBI A/c No. 41140956356 (NHM & PMAY) | 1,95,075.50 | |
| | | | | - | SBI A/c No. 43670805264 (PMAY) | 88,76,328.00 | |
| | | | | 30,409.00 | SBI A/c No. 42425703930 (Social Justice) | 27,725.00 | |
| | | | | - | SBI A/c No. 43480165227 (NSAP DPS) | - | |
| | | | | - | SBI A/c No. 43479937391 (NSAP OAPS) | - | |
| | | | | - | SBI A/c No. 43480514724 (NSAP WPS) | - | 1,65,75,630.49 |
| 18,72,74,793.49 | | Total | 15,74,34,337.49 | 18,72,74,793.49 | | Total | 15,74,34,337.49 |

24-06-2025
Thiruvananthapuram

MGNREGA SOCIAL AUDIT SOCIETY KERALA, C W C BUILDING, L M S PALAYAM, TRIVANDRUM-33 (Govt. of Kerala)

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

SREEJITH P J & CO, THIRUVANANTHAPURAM, FRN: 025862S, CHARTERED ACCOUNTANTS

SREEJITH P J & CO
CHARTERED ACCOUNTANTS
Firm Reg. No. 025862S

SREEJITH NAMPOOTHIRI P J
Proprietor, M. No. 236476

# ഫോട്ടോ ഗാലറി



സോഷ്യൽ ഓഡിറ്റ് അഭിമാനകരമായ നേട്ടങ്ങളുമായി കേരളം
ലഘുലേഖ
ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.ബി. രാജേഷ് പ്രകാശനം ചെയ്യുന്നു



എക്സ്പ്ലോഷർ വിസിറ്റിന്റെ ഭാഗമായി (2024 മാർച്ച് 3-7) കേരളത്തിലെത്തിയ ആന്ധ്രാപ്രദേശ് സോഷ്യൽ ഓഡിറ്റ് സംഘം കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഓഫീസ് സന്ദർശിച്ചപ്പോൾ




2025 ഫെബ്രുവരി 18,19 തീയതികളിൽ ഗുരുവായൂരിൽ നടന്ന '**നമ്മുടെ കേരളം മാതൃക സംയോജിത വികസനം**' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള ഡയറക്ടർ ഡോ. എൻ. രമാകാന്തൻ മോഡറേറ്റു ചെയ്യുന്നു






സോഷ്യൽ ഓഡിറ്റ് ടീം ഡയറക്ടറുടെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിൽ നടന്ന ഫീൽഡ് പരിശോധന






വിവിധ സംസ്ഥാനങ്ങളിൽ നടന്ന എക്സ്പ്ലോഷർ വിസിറ്റിൽ കേരള സോഷ്യൽ ഓഡിറ്റ് സംഘം പങ്കാളിയായപ്പോൾ




PMAY (G) & NSAP സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം







വിവിധ ജില്ലകളിലായി സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് നൽകിയ ദ്വിദിന തുടർ പരിശീലനങ്ങൾ




നിർണയ ആപ്ലിക്കേഷൻ – പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നടന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. നവനീത കുമാർ നേതൃത്വം നൽകുന്നു






സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ വിവിധ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് റിസോഴ്സ് പേഴ്സൺമാർക്ക് 2024 നവംബർ 1 ന് നടത്തിയ ഓറിയന്റേഷൻ










NIRD PR സംഘടിപ്പിച്ച ജില്ലാ – ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ 30 ദിവസപരിശീലന പരിപാടി (2025 മാർച്ച് 3 – ഏപ്രിൽ 3) സി.എച്ച്.ആർ.ഡി കില, കൊട്ടാരക്കര






PMAY (G) സോഷ്യൽ ഓഡിറ്റ് – പൈലറ്റ് അടിസ്ഥാനത്തിൽ – തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്

# സോഷ്യൽ ഓഡിറ്റ് റിസോഴ്സ് ടീം




ജില്ലാ റിസോഴ്സ് പേഴ്സൺമാർ



തിരുവന്തപുരം ജില്ലാ ടീം



കൊല്ലം ജില്ലാ ടീം



പത്തനംതിട്ട ജില്ലാ ടീം




ആലപ്പുഴ ജില്ലാ ടീം



കോട്ടയം ജില്ലാ ടീം



ഇടുക്കി ജില്ലാ ടീം



എറണാകുളം ജില്ലാ ടീം



തൃശൂർ ജില്ലാ ടീം



പാലക്കാട് ജില്ലാ ടീം



മലപ്പുറം ജില്ലാ ടീം




കോഴിക്കോട് ജില്ലാ ടീം



വയനാട് ജില്ലാ ടീം



കണ്ണൂർ ജില്ലാ ടീം




കാസറാഗോഡ് ജില്ലാ ടീം



2023–24 ലെ വാർഷിക ഭരണറിപ്പോർട്ട് മലയാളം പതിപ്പ് ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് പ്രകാശിപ്പിക്കുന്നു.

# തൊഴിലുറപ്പ്: സോഷ്യൽ ഓഡിറ്റിങ്ങിലും കേരളം 1

**അശ്വതി ജയശ്രീ**

തിരുവനന്തപുരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ്ങിൽ രാജ്യത്ത് ഒന്നാമതായി കേരളം. 2024–25ൽ 941 ഗ്രാമപഞ്ചായത്തിലും സോഷ്യൽ ഓഡിറ്റിങ് നടത്തിയാണ് കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഈ നേട്ടം സ്വന്തമാക്കിയത്. മറ്റ് സംസ്ഥാനങ്ങൾ വർഷത്തിൽ ഒരിക്കൽ ഓഡിറ്റ് നടത്തുമ്പോൾ ആറുമാസത്തിലൊരിക്കൽ ഇത് പൂർത്തിയാക്കുന്ന ഏക സംസ്ഥാനമാണ് കേരളം.



> തെറ്റ് കണ്ടെത്തുക മാത്രമല്ല ദൗത്യം. തെറ്റ് തിരുത്തപ്പെടുന്നുവെന്നും അത് അടുത്ത ഘട്ടത്തിൽ ആവർത്തിക്കപ്പെടുന്നില്ലെന്നും ഉറപ്പാക്കുന്നു. പരിശീലനം നൽകിയ റിസോഴ്സ് പേഴ്സൺമാരാണ് ഓഡിറ്റിന് നേതൃത്വം നൽകുന്നത്. സംസ്ഥാന സർക്കാരിന്റെ പിന്തുണയും തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തവുമാണ് നേട്ടങ്ങൾക്ക് കാരണം
>
> ഡോ. എൻ രമാകാന്തൻ, ഡയറക്ടർ, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

സൊസൈറ്റി ഡയറക്ടർ ഡോ. എൻ രമാകാന്തന്റെ നേതൃത്വത്തിലുള്ള പ്രവർത്തനമാണ് നേട്ടം കൈവരിച്ചത്. 2017ലാണ് സൊസൈറ്റിക്ക് രൂപം നൽകിയത്. കോവിഡ് പ്രതിസന്ധിയിലും കൃത്യമായി പ്രവർത്തിച്ച് അർഹമായ കേന്ദ്രഫണ്ട് നേടിയെടുത്തു. 2021–22 രണ്ടാംപാദം മുതൽ 2024–25വരെ ഇത്തരത്തിൽ 47.95 കോടി രൂപയാണ് നേടിയത്.

14 ജില്ലാ റിസോഴ്സ് പേഴ്സൺ, 152 ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, 1412 വില്ലേജ് റിസോഴ്സ് പേഴ്സൺമാരും അടക്കം ആയിരത്തോളം പേരാണ് സോഷ്യൽ ഓഡിറ്റിന് കീഴിൽ ജോലിയെടുക്കുന്നത്.

പദ്ധതി നടത്തിപ്പ്, തൊഴിലാളികളുടെ അഭിപ്രായം, ധനവിനിയോഗം, തൊഴിലെടുത്ത ഭൂമിയുടെ അളവ്, കൂലി വിതരണം അടക്കമുള്ളവ ഓഡിറ്റിൽ പരിശോധിക്കും. അഴിമതി കണ്ടെത്തിയാൽ പഞ്ചായത്തുകളുമായി ചർച്ച ചെയ്തശേഷമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കൂ. ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ 75 ശതമാനം വിനിയോഗിച്ചാലേ അടുത്ത വർഷം കേന്ദ്രഫണ്ട് ലഭ്യമാകൂ. 2024–25ൽ സംസ്ഥാനവ്യാപകമായി 48,419 നിയമലംഘനം/പരാതികൾ കണ്ടെത്തിയിരുന്നു.

**കൃത്യമായ പ്രവർത്തനങ്ങളിലൂടെ അർഹമായ ഫണ്ട് നേടിയെടുത്ത് കേരളം**

**മറ്റ് സംസ്ഥാനങ്ങൾ വർഷത്തിൽ ഒരിക്കൽ ഓഡിറ്റ് നടത്തുമ്പോൾ നിയമപ്രകാരം ആറുമാസത്തിലൊരിക്കൽ ഇത് പൂർത്തിയാക്കി**

| ലഭിച്ച ധനസഹായം രൂപയിൽ | |
|---|---|
| 2021–22 | 2.92 കോടി |
| 2022–23 | 14 കോടി |
| 2023–24 | 19.09 കോടി |
| 2024–25 | 11.94 കോടി |
| ആകെ | 47.95 കോടി |

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, കേരളം**

രണ്ടാം നില, സി.ഡബ്ല്യു.സി. ബിൽഡിംഗ്, എൽ.എം.എസ്. കോമ്പൗണ്ട്, പാളയം

വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം– 695033, ഫോൺ. 0471–2724696